പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ . **601**

27.07.2010 - ൽ മറുപടിയ്ക്ക്

## ജീവനക്കാർക്ക് അവാർഡ് നൽകുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. എ. എം. ആരിഫ്<br>ശ്രീ. എം. എം. മോനായി<br>ശ്രീ. പി. ടി. എ. റഹീം | ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) നികുതി വെട്ടിപ്പു കണ്ടെത്തുന്ന ഇന്റലിജൻസ്-ചെക്പോസ്റ്റ്-വാറ്റ് സർക്കിൾ വിഭാഗം ജീവനക്കാർക്ക് അവാർഡ് നൽകുന്ന പദ്ധതി നിലവിലുണ്ടോ: എങ്കിൽ വിശദാംശം നൽകുമോ; | (എ) നികുതി വെട്ടിപ്പു കണ്ടെത്തുന്ന ഇന്റലിജൻസ്-ചെക്പോസ്റ്റ്-വാറ്റ് സർക്കിൾ വിഭാഗം ജീവനക്കാർക്ക് അവാർഡ് നൽകുന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. ഇതിന്റെ പ്രാരംഭ നടപടിയായി 2009-10 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തുകയുണ്ടായി. സംസ്ഥാനത്തിനകത്തും പുറത്തും നികുതി വെട്ടിപ്പ് കണ്ടെത്തിയതായി തെളിയിക്കപ്പെട്ട, നികുതിയും കോമ്പൗണ്ടിംഗ് ഫീസും സർചാർജും വസൂലാക്കിയ കേസിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് 'ക്യാഷ് ഇൻസെന്റീവ്' നൽകിയിട്ടുണ്ട്. |
| (ബി) നികുതി വെട്ടിപ്പു കണ്ടെത്തിയ എത്ര ജീവനക്കാർക്ക് കഴിഞ്ഞ വർഷം അവാർഡ് നൽകി; | (ബി) വൻ നികുതി വെട്ടിപ്പ് കണ്ടെത്തിയതുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം ഇന്റലിജൻസ് വിഭാഗത്തിലെ പതിനഞ്ച് ഉദ്യോഗസ്ഥർക്ക് 'ക്യാഷ് ഇൻസെന്റീവ്' നൽകുകയുണ്ടായി. |
| (സി) അവാർഡ് പൊതുചടങ്ങിൽ വച്ച് നൽകാൻ നടപടി സ്വീകരിക്കുമോ; | (സി) അവാർഡിനെ സംബന്ധിച്ച് തീരുമാനിക്കുമ്പോൾ ഇക്കാര്യം പരിഗണിക്കുന്നതാണ്. |
| (ഡി) വാണിജ്യ നികുതി വകുപ്പിലെ കേസ്സുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് ട്രൈബ്യൂണൽ ബഞ്ചുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) വാണിജ്യ നികുതി വകുപ്പിലെ അപ്പീൽ കേസ്സുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി കൊല്ലം, എറണാകുളം, തൃശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ ട്രൈബ്യൂണൽ, അഡീഷണൽ ബഞ്ചുകൾ സ്ഥാപിക്കുന്ന തിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ പ്രാരംഭ നടപടിയായി 11.03.2010 -ലെ ജി.ഒ.(എം.എസ്) നമ്പർ 59/2010/നി.വ പ്രകാരം നാല് ജുഡീഷ്യൽ മെമ്പർമാരുടേയും, 8 പ്യൂണുകളുടേയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 602 27.07.2010 ലെ മറുപടിക്ക്.

### വിഷൻ 2010 ൻെറ പ്രവർത്തന പുരോഗതി

ചോദ്യം ഉത്തരം

ശ്രീ. പി.പി.അബ്ദുള്ള ക്കുട്ടി
ശ്രീ. കെ.വി.അബ്ദുൾഖാദർ
ശ്രീ.അൽഫോൻസ് കണ്ണന്താനം
ശ്രീ.കെ.കുഞ്ഞിരാമൻ

ഡോ.റ്റി.എം.തോമസ് ഐസക്ക്
ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി

| | | |
|---|---|---|
| എ | സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരു വർഷം ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനം പ്രത്യേക പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പാക്കുന്ന വിഷൻ 2010 ൻെറ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | വിഷൻ 2010 പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും അനുവദിക്ക പ്പെട്ട നിരത്തു വിഭാഗത്തിലെയും കെട്ടിട വിഭാഗത്തിലെയും മിക്കവാറും പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ ഭരണാനുമതി ലഭിച്ച പ്രവർത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേരള ജലഅതോറിറ്റിയുടെ കീഴിൽ ഭരണാനുമതി ലഭിച്ച പ്രവർത്തികളുടെ പണി പുരോഗമിച്ചു വരുന്നു. |
| ബി | പ്രസ്തുത പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനമാണ് റോഡുകളും പാലങ്ങളും കെട്ടിടങ്ങളും വിഭാഗങ്ങളിലായി ചെയ്യുന്നത്; | വിഷൻ 2010 പദ്ധതി പ്രകാരം പൊതുമരാമത്ത് വകുപ്പിൻെറ കീഴിൽ വിവിധ മണ്ഡലങ്ങളിലായി ആകെ ഭരണാനുമതി നൽകിയ 322.39 കോടി രൂപയുടെ പ്രവർത്തികളിൽ 2007–08 സാമ്പത്തിക വർഷത്തിൽനിരത്തുകളും പാലങ്ങളും വിഭാഗ ത്തിൽ 124.88 കോടി രൂപയുടെയും കെട്ടിടം വിഭാഗത്തിൽ 14.85 കോടി രൂപയുടെയും പ്രവർത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2008–09 വർഷത്തിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 158.20 കോടി രൂപ യുടെയും കെട്ടിടവിഭാഗത്തിൽ 24.45 കോടി രൂപയുടെയും പ്രവർത്തിക ൾക്കും അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിപ്രകാരം |
| സി | വിവിധ മണ്ഡലങ്ങളിലായി എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്; | ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ മാവേലിക്കര നിയോജകമണ്ഡലത്തിലെ 3 പ്രവർത്തികൾക്ക് G.O(Rt) No. 775/2010/WRD dtd. 5.7.2010 പ്രകാരം ആകെ 1.062 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വിഷൻ 2010 സ്കീം പ്രകാരം കേരള ജല അതോരിറ്റി സമർപ്പിച്ച കുടിവെള്ളപദ്ധതികളിൽ താഴെ പറയുന്ന 3 പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്; |

| | | |
|---|---|---|
| | | 1) കണ്ണൂർ ജില്ലയിലെ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ അമ്പഴത്തും ചാൽ കുടിവെള്ള പദ്ധതി - 15 ലക്ഷം രൂപ. (പദ്ധതിയുടെ ടെൻഡർ തീർപ്പ് കല്പ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു).<br>2) തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ നിയോജകമണ്ഡലത്തിലെ കാനറ പോർഷൻ കുടിവെള്ള പദ്ധതി - 98 ലക്ഷം രൂപ (ഈ പദ്ധതി കേരള ജലഅതോറിറ്റി നടപ്പാക്കുന്ന ത്വരിത ഗ്രാമീണ പദ്ധതിയിൽ പ്പെടുത്തിയാണ് അംഗീകാരം നൽകിയത്. പണി പുരോഗമിച്ചു വരുന്നു).<br>3)ആലപ്പുഴ ജില്ലയിലെ മാരാരികുളം നിയോജകമണ്ഡലത്തിലെ ആര്യാട് - മണ്ണഞ്ചേരി കുടിവെള്ളപദ്ധതി - 119 .4 ലക്ഷം രൂപ ( ഈ പദ്ധതി സംസ്ഥാന സർക്കാരിന്റെ " അദർ റൂറൽ വാട്ടർ സപ്ളെ സ്കീം" വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് അംഗീകാരം നൽകിയിട്ടുള്ളത്). |
| ഡി | പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 603 27.07.2010 -ൽ മറുപടിയ്ക്ക്

## വനവികാസ് ഏജൻസിയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീ.ജോർജ് എം.തോമസ് | ശ്രീ. ബിനോയ് വിശ്വം (വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | വനവികാസ് ഏജൻസിയുടെ പ്രവർത്തനം വിശദമാക്കുമോ ; | (എ) | ഫോറസ്റ്റ് ഡിവിഷൻ തലത്തിൽ വി.എസ്.എസ്, ഇ.ഡി.സി എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിയ്ക്കുകയും, ദേശീയ വനവൽക്കരണ പദ്ധതിക്കുളള കേന്ദ്രഫണ്ട് നേരിട്ട് സ്വീകരിച്ച് പദ്ധതി നടപ്പാക്കുകയുമാണ് വന വികസന ഏജൻസിയുടെ പ്രധാനകർത്തവ്യം. കൂടാതെ വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി വർദ്ധിപ്പിക്കുന്നതിന് തടിയിതര വിഭവങ്ങളുടെ ശാസ്ത്രീയമായ ശേഖരണം, സംഭരണം, സംസ്ക്കരണം, വിപണനം എന്നിവയും ഇക്കോടൂറിസം പദ്ധതികളും നടപ്പാക്കുന്നുണ്ട്. |
| (ബി) | ചെറുകിട വനവിഭവങ്ങൾ ആദിവാസി ഉല്പന്നങ്ങൾ എന്നിവ ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നതിന് ഏജൻസി സ്വീകരിച്ചിട്ടുളള നടപടികൾ വ്യക്തമാക്കുമോ ; | (ബി) | മൂല്യവർദ്ധിത ചെറുകിട വനവിഭവങ്ങൾ, ആദിവാസി ഉല്പന്നങ്ങൾ എന്നിവ ഗുണമേൻമ ഉറപ്പു വരുത്തി പ്രകൃതി സൗഹൃദ പായ്ക്കിംഗിൽ, വനശ്രീ എന്ന ബ്രാൻഡിൽ വിപണനം ചെയ്യുന്നതിന് വന വികസന ഏജൻസികളുടെ കീഴിൽ ഇക്കോ ഷോപ്പുകൾ തുറന്നിട്ടുണ്ട്. കൂടാതെ വിവിധ പ്രദർശനങ്ങൾ ഓണം മേള എന്നിവയോടനുബന്ധിച്ച് വനശ്രീ സ്റ്റാളുകൾ വഴിയും മേൽ ഉൽപ്പന്നങ്ങൾ വിറ്റഴിയ്ക്കുന്നു. |
| സി) | വനം വകുപ്പുമായി ബന്ധപ്പെട്ട പരിപാടികളിൽ വനവികാസ് ഏജൻസിയുടെ പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുമോ ; | സി) | സംഘടിപ്പിക്കുന്നുണ്ട് |
| ഡി) | ഓണക്കാലത്ത് ജില്ലാ കേന്ദ്രങ്ങളിൽ പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ഡി) | ഓണചന്തകളിൽ വനശ്രീ സ്റ്റാളുകൾ സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 604* — 27.7.2010 ൽ മറുപടിക്ക്

## റോഡുകളിലെ കുഴികൾ അടയ്ക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. എ. പി. അനിൽകുമാർ :<br>ശ്രീ. അടൂർ പ്രകാശ് :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : | ഡോ. റ്റി.എം. തോമസ് ഐസക്<br>(ധന വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിലെ മുഴുവൻ കുഴികളും അടിയന്തിരമായി അടയ്ക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ ;<br><br>(ബി) ഇത്തരത്തിൽ എല്ലാ കുഴികളും അടയ്ക്കുന്നതിനുള്ള സമയപരിധി എന്നാണ് അവസാനിച്ചത് ; | (എ) & (ബി)<br>പ്രഖ്യാപിച്ചിരുന്നു. |
| (സി) പ്രസ്തുത സമയപരിധിക്കുള്ളിൽ പൊതുമരാമത്ത് റോഡുകളിലെ എല്ലാ കുഴികളും അടയ്ക്കാൻ കഴിഞ്ഞു എന്ന് കരുതുന്നുണ്ടോ ; | (സി) 23.7.10 ലെ കണക്കുകൾ പ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ 94.9% ഉം ദേശീയപാതാ വിഭാഗത്തിൻ കീഴിലെ നിരത്തുകളിൽ 66% ഉം കുഴികൾ അടച്ചു കഴിഞ്ഞു. മഴ തുടരുന്നത് കൊണ്ട് മുഴുവൻ കുഴികളും അടക്കാൻ സാധിച്ചിട്ടില്ല. പ്രവർത്തികൾ തുടരുന്നുണ്ട്. |
| (ഡി) പ്രസ്തുത കുഴിയടയ്ക്കൽ പരിപാടി അവലോകനം നടത്തുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത് ; | (ഡി) ദിവസേനയുള്ള കണക്കെടുത്ത് അത് പൊതുമരാമത്ത് വകുപ്പിന്റെ വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.. കുഴിയടയ്ക്കലിന്റേയും നടന്നുവരുന്ന മറ്റു മരാമത്ത് |

പണികളുടെയും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് എം.എൽ.എ.മാരുടെയും ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗം ജില്ലാ തലത്തിൽ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്നുവരുന്നു. അഞ്ച് ജില്ലയിലേതൊഴികെയുള്ള അവലോകനം പൂർത്തിയായി.

(ഇ) സമയപരിധി കഴിഞ്ഞിട്ടും ഇനിയും നികത്താനാകാത്ത എത്ര കുഴികൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ). 23.7.2010-ലെ കണക്ക് പ്രകാരം ദേശീയപാതയിലെ 6783 കുഴികളും സംസ്ഥാന റോഡുകളിലെ 5172 കുഴികളും അടക്കുവാനുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(എഫ്) ഇത്തരത്തിൽ കുഴിയടയ്ക്കൽ പരിപാടി നടത്തിയതിൽ വ്യാപകമായി അഴിമതി നടന്നത് സംബന്ധിച്ച് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ ;

(ജി) അടച്ച കുഴികൾ വീണ്ടും ഇളകി കുഴികളായത് സംബന്ധിച്ച സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തുമോ ?

**(എഫ്) & (ജി)**

കുഴിയടക്കൽ നടത്തിയതിൽ അഴിമതി നടന്നതായി പരാതികളൊന്നും ലഭിച്ചിട്ടില്ല. ആവശ്യമായ പരിശോധന നടത്താൻ ധന വകുപ്പിലെ ഇൻസ്പെക്ഷൻ വിംഗിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അടച്ച കുഴികൾ മഴയെത്തുടർന്ന് വീണ്ടും ചിലയിടങ്ങളിൽ ഇളകിയിട്ടുണ്ട്. യാത്രക്കാർക്കും മറ്റും അപകടം വരുത്തിവെയ്ക്കുന്ന ഇത്തരം കുഴികൾ നികത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്..

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 605

27.7.2010 ൽ മറുപടിയ്ക്ക്

## കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ് ;<br>ശ്രീ. ജി. കാർത്തികേയൻ : | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് പുതിയ ഐ.ടി. പാർക്കുകളുടെ വികസനത്തിനായി സംസ്ഥാന സർക്കാർ രൂപം നൽകിയ സംരക്ഷണ കമ്പനിയായി കേരള സ്റ്റേറ്റ് ഐ.ടി.ഇൻഫ്രാസ്ട്രക്ച്ചർ നിലവിൽ വന്നുവോ ; | എ) സംസ്ഥാനത്തെ ഐ.ടി. വികസനത്തിനായി നിലവിലുള്ള സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പുതിയ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് എന്ന പേരിലുള്ള കമ്പനി 31.1.2008 ൽ രജിസ്റ്റർ ചെയ്ത് 5.3.2008 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| ബി) ഇതിന്റെ പ്രവർത്തന മൂലധനമായി എത്ര കോടി രൂപയാണ് സ്വരൂപിക്കുന്നത് ; | (ബി) യും (സി) യും |
| സി) സർക്കാരിന്റെ വിഹിതമായി എത്ര കോടി രൂപ ഇതുവരെ പ്രസ്തുത കമ്പനിക്കായി മുതൽ മുടക്കി എന്ന് അറിയിക്കുമോ ; | ഈ കമ്പനിയിലെ സർക്കാർ ഓഹരി പങ്കാളിത്തം 51% ആണ്. ഈ ഇനത്തിൽ ഇതുവരെ 40.10 കോടി രൂപാ ഈ കമ്പനിക്ക് ഓഹരി മൂലധനമായി സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനായി കമ്പനിക്ക് സർക്കാർ ഇതുവരെ വില നിശ്ചയിച്ച് നൽകിയിട്ടുള്ള ഭൂമിയുടെ വിലയായ 55.77 കോടി രൂപയും കമ്പനിയിലുള്ള സർക്കാരിന്റെ ഓഹരി മൂലധനമാണ്. |
| ഡി) 49% ഓഹരികൾക്കായുള്ള ധനസമാഹരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; | (ഡി), (ഇ) ആന്റ് (എഫ്)<br>കമ്പനിയുടെ 49% ഓഹരി സമാഹരിക്കുന്നതിന് അറേഞ്ചേഴ്സായി SBI Capital Markets നെ തെരഞ്ഞെടുത്തിട്ടുണ്ട്. അവരുമായി കരാറിൽ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 49% ഓഹരികൾ |
| ഇ) പ്രസ്തുത കമ്പനിയിൽ ഓഹരി പങ്കാളിത്തം നേടുന്നതിന് ഏതൊക്കെ സ്വകാര്യ സംരംഭകർ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട് ; | |

| | | | |
|---|---|---|---|
| എഫ്) | പൊതുജനങ്ങൾക്കായി എത്ര ശതമാനം ഓഹരികളാണ് മാറ്റി വച്ചിട്ടുള്ളത് ; | | സ്വകാര്യ വ്യക്തികൾ, ധനകാര്യ സ്ഥാപനങ്ങൾ, ഐ.ടി. കമ്പനികൾ, പ്രവാസികൾ, മറ്റുള്ളവർ എന്നിവരിൽ നിന്നാണ് സ്വരൂപിക്കുന്നത്. |
| ജി) | ഇതിന്റെ ധനസമാഹരണത്തിനായി പബ്ളിക് ഇഷ്യൂവിലൂടെ ഓഹരി വിതരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ? | ജി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ -606 27.07.2010 ൽ മറുപടിക്ക്

## ഹെവിമെയിന്റനൻസ് പദ്ധതി പ്രകാരമുള്ള പുനരുദ്ധാരണ പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>" കെ.സി കുഞ്ഞിരാമൻ:<br>" എ.സി മൊയ്തീൻ:<br>" സി.കെ.പി. പത്മനാഭൻ: | ഡോ. റ്റി. എം. തോമസ് ഐസക്ക്<br>(ധനകാര്യ-മരാമത്ത് വകുപ്പു മന്ത്രി) |
| (എ) പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ ഹെവി മെയിന്റനൻസ് പദ്ധതി പ്രകാരം പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിനകം എത്ര കിലോ മീറ്റർ റോഡുകളിൽ ഹെവി മെയിന്റനൻസ് നടത്തിയിട്ടുണ്ട്; | (ബി) 1003.40 കി.മീ. റോഡുകളിൽ ഹെവി മെയിന്റനൻസ് പദ്ധതി നടത്തിയിട്ടുണ്ട്. |
| (സി) ഹെവി മെയിന്റനൻസ് നടത്തുന്നതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; | (സി) ഹെവിമെയിന്റനൻസ് പദ്ധതി പ്രകാരം നടത്തപ്പെടുന്ന റോഡുപണികൾ വളരെക്കാലം കേടുപാടുകൾ കൂടാതെ നിലനിൽക്കുകയും വാഹനയാത്ര സുഖകരമാക്കുകയും തദ്വാര വാഹനാപകടങ്ങളുടെ നിരക്ക് കുറയുകയും ചെയ്യുന്നതായി കണ്ടു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | കെ.എസ്.ടി.പി ഒന്നാം ഘട്ടത്തിൽ ഈ പദ്ധതി പ്രകാരം എത്ര കിലോമീറ്റർ റോഡ് നിർമ്മിച്ചിട്ടുണ്ട്; | (ഡി) | കെ.എസ്.ടി.പി ഒന്നാം ഘട്ടത്തിൽ ഈ പദ്ധതി പ്രകാരം 1003.40 കി.മീ റോഡുകളുടെ പണികൾ പൂർത്തികരിച്ചിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയായിട്ടുണ്ടോ; പുതിയ നടപടിക്രമം ആവിഷ്ക്കരിച്ചതിനുശേഷം ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ഇ) | റോഡുകളുടെ അറ്റകുറ്റപ്പണികൾ നടന്നുവരുന്നു. നടപ്പു സാമ്പത്തിക വർഷം 76 കോടി രൂപയുടെ അറ്റകുറ്റപ്പണികൾക്ക് അനുമതി നൽകിയിട്ടുണ്ട്. |

Ajay Mohan

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 607

27.07.2010 - ൽ മറുപടിക്ക്

കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ബാബുപോൾ<br>ശ്രീ.വി.എസ്.സുനിൽകുമാർ | ശ്രീ.സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ഭക്ഷ്യമൃഗസംരക്ഷണ മേഖലകളിൽ നടപ്പാക്കേണ്ട പദ്ധതികൾ കേന്ദ്രഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ആ പദ്ധതികൾ ഏതെല്ലാമാണെന്നും അവയ്ക്കായി എത്ര തുക വീതം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ; | (ബി) ഭക്ഷ്യവകുപ്പ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച പദ്ധതികൾ<br><br>അരി, ഗോതമ്പ് എന്നിവയ്ക്ക് പുറമെ മറ്റ് അവശ്യ വസ്തുക്കൾ കൂടി(പയർ, മുളക് തുടങ്ങിയവ) റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിന് ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. സപ്ളൈകോ മുഖാന്തിരം അവശ്യ സാധനങ്ങൾ വാങ്ങി പായ്ക്കറ്റുകളിലാക്കി റേഷൻ കടകൾ മുഖേന വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. പൊതുവിപണിയിലെ വിലയേക്കാൾ 10% എങ്കിലും കുറഞ്ഞവിലയിൽ പൊതുജനങ്ങൾക്ക് അവശ്യസാധനങ്ങൾ ലഭ്യമാക്കുകയാണ് സർക്കാറിന്റെ ലക്ഷ്യം. ടി പദ്ധതിയുടെ മൊത്തം ചിലവ് 353,84,84,200 രൂപയാണ് പ്രതീക്ഷിക്കുന്നത്. ഇതിന്റെ 25% ആയ 88.46 കോടി രൂപ കേന്ദ്രം വഹിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

| | |
|---|---|
| | |
| (സി)ഈ പദ്ധതികൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (സി) മൃഗസംരക്ഷണവകുപ്പുമായി ബന്ധപ്പെട്ട് സമർപ്പിച്ച പദ്ധതികളിൽ ഈ സാമ്പത്തിക വർഷം ഇതുവരെ താഴെപ്പറയും പ്രകാരം ധനസഹായം ലഭിച്ചിട്ടുണ്ട്. |

| ക്രമ നമ്പർ | പദ്ധതി | ലഭിച്ച തുക |
|---|---|---|
| 1 | ഓപ്പറേഷൻ റിന്റർപെസ്റ്റ് (100%) | 20 ലക്ഷം |
| 2 | മൃഗസംരക്ഷണസ്ഥിതിവിവരങ്ങളും സാമ്പിൾ സർവ്വേയും. (50%) | 30 ലക്ഷം. |
| 3 | കന്നുകാലിരോഗങ്ങളെ നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള ധനസഹായം(75%) | 251.03 ലക്ഷം. |
| 4 | കോഴി, താറാവ് വളർത്തൽ കേന്ദ്രങ്ങൾക്കുള്ള ധനസഹായം(80%) | 34ലക്ഷം. |
| 5 | ഗ്രാമീണപിന്നാമ്പുറ കോഴി വളർത്തൽ പദ്ധതി | 164 ലക്ഷം. |
| | ആകെ | 499.03 ലക്ഷം |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.608 | 27.7.2010- ൽ മറുപടിയ്ക്ക്

## കന്നുകാലി സമ്പത്ത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാഴികാടൻ:<br>ശ്രീ. റോഷി അഗസ്റ്റിൻ:<br>ശ്രീ.ജോസഫ് എം. പുതുശ്ശേരി:<br>ശ്രീ. പി.സി. ജോർജ്ജ്: | ശ്രീ.സി. ദിവാകരൻ<br>( ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കന്നുകാലി സമ്പത്ത് ഓരോ വർഷവും ഗണ്യമായി കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഏതാനും വർഷം മുമ്പുവരെ സംസ്ഥാനത്ത് കന്നുകാലി സമ്പത്ത് ഗണ്യമായി കുറഞ്ഞു വന്നിരുന്നു. എന്നാൽ ഇപ്പോൾ ഈ സ്ഥിതി വിശേഷത്തിന് മാറ്റം സംഭവിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഈ മേഖലയിൽ ഇപ്രകാരം കുറവുണ്ടാകാൻ എന്താണ് കാരണം; വിശദാംശങ്ങൾ നൽകുമോ; | (ബി) കന്നുകാലി സമ്പത്ത് കുറഞ്ഞുവരുന്നതിന് ഉള്ള കാരണങ്ങൾ താഴെ പറയുന്നവയാണ്.<br>1. കന്നുകാലി ഉത്പാദനസ്രോതസ്സുകളിൽ സംഭവിച്ച കുറവ്.<br>2. വർദ്ധിച്ച ഉദ്പാദനച്ചെലവ്.<br>3. കൂടുതൽ ലാഭകരമായ മറ്റ് കാർഷിക പ്രവർത്തനങ്ങളിലേക്ക് കർഷകർ തിരിഞ്ഞത്.<br>4. ഉല്പാദനച്ചെലവിന് അനുസൃതമായി പാലിന് വില ലഭിക്കാതെ പോയത്.<br>5.ജനങ്ങളുടെ സംസ്കാര രീതികളിൽ വന്ന മാറ്റം. |
| (സി) കേരളത്തിലെ കന്നുകാലി സമ്പത്തിൽ വന്നിട്ടുള്ള കുറവ് 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിൽ എത്ര വീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) 2006-2007 മുതൽ മൊത്തം കാലി സമ്പത്തിൽ വർദ്ധനവാണുണ്ടായിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൽ കന്നുകാലി വികസന മേഖല നൽകുന്ന സംഭാവന എത്രയെന്ന് വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൽ മൃഗസംരക്ഷണ മേഖലയുടെ സംഭാവന ഗണ്യമായ തോതിലാണ്. സൂക്ഷ്മമായി തിട്ടപ്പെടുത്തിയിട്ടില്ല. |
| (ഇ) | സംസ്ഥാനത്ത് കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയുടെ ത്വരിതഗതിയിലുള്ള വികസനം സാധ്യമാക്കുന്നതിനും സർക്കാർ നടപ്പ് വർഷം ചെയ്യാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; | (ഇ) | കന്നുകാലി പ്രജനനപദ്ധതി, വെറ്ററിനറി സേവനം, ഭക്ഷ്യസുരക്ഷാപദ്ധതി, കാർഷികക്ഷേമപദ്ധതികൾ , തീറ്റപ്പുൽ കൃഷി വികസന പദ്ധതി, എം.എസ്.ഡി.പി കാലിത്തീറ്റ സബ്സിഡി. |
| (എഫ്) | 2010-11 സാമ്പത്തിക വർഷം ആയതിലേക്ക് എത്ര തുക വകയിരുത്തി; വിശദാംശങ്ങൾ നൽകുമോ? | (എഫ്) | 2010-11 സാമ്പത്തിക വർഷം മേൽപ്പറഞ്ഞ പദ്ധതികളുടെ നടത്തിപ്പിനായി മൃഗസംരക്ഷണ വകുപ്പിന് പദ്ധതിയിനത്തിൽ 110.77 കോടി രൂപയും ക്ഷീരവികസന വകുപ്പിന് 1350 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.<br>വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.<br>I) <u>മൃഗസംരക്ഷണവകുപ്പ്</u><br>1. മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനവും-മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ- 1700 ലക്ഷം രൂപ.<br>2. കുളമ്പുരോഗ നിയന്ത്രണത്തിനുള്ള പരിപാടി (100% കേന്ദ്രസഹായം)- 100 ലക്ഷം രൂപ.<br>3. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ളക്സ് -220 ലക്ഷം രൂപ<br>4. ഓപ്പറേഷൻ റിൻഡർപെസ്റ്റ് (100% കേന്ദ്ര സഹായം) - 50 ലക്ഷം രൂപ.<br>5. എൻ.ഡി.ഡി.ബി. സഹായത്തോടെയുള്ള രോഗവിമുക്തമേഖലാ പ്രോജക്ടുകൾക്കുള്ള കോർപ്പസ് ഫണ്ടിലേക്കുള്ള സംസ്ഥാനവിഹിതം- 200 ലക്ഷം രൂപ.<br>6. കന്നുകാലി രോഗങ്ങളെ നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള ധനസഹായം (75% കേന്ദ്രാവിഷ്കൃതം) -200 ലക്ഷം രൂപ. |

7. ഊർജ്ജിത കന്നുകാലി വികസനം-

556 ലക്ഷം രൂപ

8. കന്നുകാലി വളർത്തൽ കേന്ദ്രം

- 100 ലക്ഷം രൂപ

9. താറാവ്/ കാട വളർത്തലും ഉല്പാദനവും-(വിഹിതം 10 ലക്ഷം രൂപ) -30 ലക്ഷം രൂപ

10. കോഴി വളർത്തൽ കേന്ദ്രങ്ങളും കോഴി ഉൽപ്പാദന വികസനവും -75 ലക്ഷം രൂപ

11. കോഴി-താറാവ് വളർത്തൽ കേന്ദ്രങ്ങൾ (80% കേന്ദ്രാവിഷ്കൃതം) -50 ലക്ഷം രൂപ.

12. ആടു വളർത്തൽ കേന്ദ്രങ്ങളുടെ വികസനം

- 30 ലക്ഷം രൂപ.

13. ഊർജ്ജിത പന്നി വളർത്തൽ വികസന പരിപാടി - 50 ലക്ഷം രൂപ.

14. ദേശീയ തീറ്റപ്പുൽവികസന പദ്ധതി (75% കേന്ദ്രാവിഷ്കൃതം) -4 ലക്ഷം രൂപ.

15. വികസനവും പരിശീലനവും-

495 ലക്ഷം രൂപ.

16. മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കും സാമ്പിൾ സർവ്വേയും-50% കേന്ദ്രസഹായം-

100 ലക്ഷം രൂപ.

17. കന്നുകാലി സെൻസസ്- 100% കേന്ദ്ര സഹായം -30 ലക്ഷം രൂപ.

18. വിവര സാങ്കേതിക വിദ്യമെച്ചപ്പെടുത്തലും ആധുനികവൽക്കരണവും -25 ലക്ഷം രൂപ.

19. കേരള സംസ്ഥാന പൗൾട്രി ഡവലപ്പ്മെൻറ് കോർപ്പറേഷൻ നടപ്പാക്കുന്ന പുതിയ സംരംഭങ്ങൾക്കുള്ള സാമ്പത്തിക സഹായം

-190 ലക്ഷം രൂപ.

20. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയ്ക്ക് സാമ്പത്തിക സഹായം -100ലക്ഷം രൂപ.

21. സംസ്ഥാന വെറ്ററിനറി കൗൺസിൽ -50% കേന്ദ്രസഹായം - 30 ലക്ഷം രൂപ.

22. പൗൾട്രി വികസനം-
കെ.എസ്.പി.ഡി.സി.യുടെ ആഭിമുഖ്യത്തിൽ

-200 ലക്ഷം രൂപ.

23. കേരളാ ഫീഡ്സ് ലിമിറ്റഡിന് സാമ്പത്തിക സഹായം -500 ലക്ഷം രൂപ.

24. പ്രത്യേക കന്നുകാലി വികസന പദ്ധതി-

1200 ലക്ഷം രൂപ.

25. ഗവേഷണ വികസനം -30 ലക്ഷം രൂപ

26. മുയൽ പ്രജനനം- 7 ലക്ഷം രൂപ.

27. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അയ വിറക്കുന്ന മൃഗങ്ങളുടെ സംരക്ഷണം

(100% കേന്ദ്രസഹായം) -5ലക്ഷം രൂപ.

28.സംഭരണമൂലനിധി -25 ലക്ഷം രൂപ

29. ഭക്ഷ്യസുരക്ഷാപദ്ധതിയിൻകീഴിൽ മുട്ടയും പാലും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി - 3300 ലക്ഷം രൂപ.

30. കന്നുകാലി ഇൻഷ്വറൻസ്- 500 ലക്ഷം രൂപ

31. കേരള കാർഷിക സർവകാലാശാലയ്ക്ക് സഹായം- 100 ലക്ഷം രൂപ.

32. മൃഗചികിത്സാ സേവനവും മൃഗാരോഗ്യവും- 600 ലക്ഷം രൂപ.

33. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്- 30 ലക്ഷം രൂപ.

34. കന്നുകാലി എരുമ സംവർദ്ധന- 20 ലക്ഷം രൂപ.

35. കോഴി വളർത്തൽ വികസനം- 30 ലക്ഷംരൂപ.

36. താറാവ് ഉല്പാദനം/കാട വികസനം- 20 ലക്ഷം രൂപ.

37. വികസനവും പരിശീലനവും- 175 ലക്ഷം രൂപ.

II) <u>ക്ഷീരവികസന വകുപ്പ് തുക ലക്ഷത്തിൽ</u>

| | |
|---|---|
| 1. തീറ്റപ്പുൽ കൃഷി വികസന പദ്ധതി | 300 |
| 2.എം.എസ്.ഡി.പി. | 600 |
| 3) കാലിത്തീറ്റ സബ്സിഡി | 450 |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം .

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 609

27.07.2010 ൽ
മറുപടിയ്ക്ക്

## കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സാജു പോൾ<br>ശ്രീ. പി. വിശ്വൻ<br>ശ്രീ. കെ.ടി.ജലീൽ<br>ശ്രീമതി. ജെ. അരുന്ധതി | | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യ മന്ത്രി) | |
| (എ) | പബ്ളിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | സ്വീകരിച്ച നടപടികൾ അനുബന്ധമായി കൊടുത്തിരിക്കുന്നു. |
| (ബി) | പരീക്ഷാ വിഭാഗത്തിൽ ഈ സർക്കാർ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തിയിട്ടുള്ളത്; | (ബി) | വിവരണാത്മക പരീക്ഷകൾ പരമാവവധി കുറച്ച് ഒബ്ജക്ടീവ് (ഒ.എം.ആർ.)പരീക്ഷകൾ നടത്തി തെരഞ്ഞെടുപ്പ് പ്രക്രിയയ്ക്ക് വേഗത കൂട്ടുന്നു.പരീക്ഷാ കലണ്ടർ മൂന്നുമാസം മുൻപ് പ്രസിദ്ധീകരിക്കുകയും, അത് വെബ്സൈറ്റിൽ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. അതോടൊപ്പം തന്നെ പരീക്ഷയുടെ സിലബസും പ്രസിദ്ധീകരിക്കുന്നു. (ഒ.എം.ആർ.) പരീക്ഷയുടെ പത്രികയുടെ പകർപ്പ് നിശ്ചിത ഫീസടച്ചാൽ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. |
| (സി) | കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കിയതിനെതുടർന്ന് റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിൽ എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ട്; | (സി) | കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയതിനെത്തുടർന്ന് ഏതാണ്ട് എല്ലാ തസ്തികയുടെയും അപേക്ഷകൾ ONLINE ആയി സ്വീകരിക്കുന്നു. ഉദ്യോഗാർത്ഥികൾക്കുസ്വന്തമായി |

| | | | |
|---|---|---|---|
| | | | അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കാൻ സൗകര്യമൊരുക്കി. (ഒ.എം.ആർ.) രീതിയിലുള്ള മൂല്യനിർണ്ണയം ഏർപ്പെടുത്തി, സാധ്യതാ ലിസ്റ്റും ഷോർട്ട് ലിസ്റ്റും, റാങ്ക് ലിസ്റ്റും കമ്പ്യൂട്ടർ സംവിധാനം ഉപയോഗിച്ച് തയ്യാറാക്കുന്നു. ഇത് മൂലം കേന്ദ്രഓഫീസും വിവിധ ജില്ലാ/മേഖലാ ഓഫീസുകളുമായി Web mail -ലൂടെ ആശയ വിനിമയം നടത്താൻ കഴിയുന്നു. |
| (ഡി) | പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ; | (ഡി) | 101 പുതിയ തസ്തികകൾ സൃഷ്ടിച്ചു. |
| ( ഇ) | എൻക്വയറി വിഭാഗം നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ( ഇ) | എൻക്വയറി വിഭാഗം കേന്ദ്രഓഫീസിലും മേഖലാ ഓഫീസുകളിലും എൻക്വയറി ഓഫീസറുടെ നേതൃത്വത്തിൽ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ആധുനിക വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉദ്യോഗാർത്ഥികൾക്ക് പരമാവധി പ്രയോജനപ്പെടത്തക്ക രീതിയിൽ മെച്ചപ്പെടുത്തിയിട്ടുണ്ട് . |
| (എഫ്) | ഉദ്യോഗാർത്ഥികൾക്ക് മൊബൈൽ അലേർട്ട് നൽകുന്നതിനുള്ള സംവിധാനം പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (എഫ്) | രജിസ്റ്റർ ചെയ്ത ആദ്യ പതിനായിരം ഉദ്യോഗാർത്ഥി-കൾക്ക് പി.എസ്.സി സംബന്ധ-മായ സംശയങ്ങൾക്കും അറിയിപ്പുകൾക്കുമായി മൊബൈൽ അലർട്ട് നല്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### പി.എസ്.സി.യുടെ പ്രവർത്തനം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് സ്വീകരിച്ച നടപടികൾ.

1. പി.എസ്.സി. അപേക്ഷകൾ ഓൺലൈൻആയി സ്വീകരിക്കുന്നു. അപേക്ഷാഫീസ് നൽകേണ്ടതില്ല.

2. പരീക്ഷാതിയതിയ്ക്കുമുമ്പ് ഉദ്യോഗാർത്ഥികൾക്കു അഡ്മിഷൻ ടിക്കറ്റ് സ്വന്തമായി ഡൗൺലോഡ് ചെയ്തെടുത്ത് പരീക്ഷ എഴുതാൻ സാധിക്കുന്നു.

3. പൊതുസ്വഭാവമുള്ള തസ്തികകൾക്ക് പൊതുവിജ്ഞാപനവും പൊതുപരീക്ഷയും ഏർപ്പെടുത്തിയും വിവരണാത്മക പരീക്ഷകൾ പരമാവധി കുറച്ച് ഒബ്ജക്ടീവ്(ഒ.എം.ആർ.)പരീക്ഷകൾ നടത്തിയും തെരഞ്ഞെടുപ്പു പ്രക്രിയ വളരെ വേഗത്തിലാക്കുന്നു.

4. ഒ.എം.ആർ.രീതിയിലുള്ള മൂല്യനിർണയം നടപ്പിലാക്കി.

5. ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ ഒ;എം.ആർ. ഉത്തരപത്രികയുടെ പകർപ്പ് നിശ്ചിത ഫീസ് അടച്ച് കൈപ്പറ്റാവുന്നതാണ്.

6. പി.എസ്.സി.യുടെ വെബ്സൈറ്റിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് വിജ്ഞാപനത്തിന്റെ വിശദവിവരങ്ങൾ, പരീക്ഷാ തീയതി, സിലബസ്സ്, ഷോർട്ട് ലിസ്റ്റ്, ഇന്റർവ്യൂവിന്റെ വിവരങ്ങൾ, റാങ്ക് ലിസ്റ്റ്, പരീക്ഷ/ഇൻന്റർവ്യൂ എന്നിവയ്ക്ക് ലഭിച്ചിട്ടുള്ള മാർക്ക്, നിയമന ശിപാർശാ വിവരങ്ങൾ തുടങ്ങിയവയും ലഭ്യമാകുന്നുണ്ട്.

7. ഐ.ടി.മിഷനുമായി സഹകരിച്ച് citizen call centre ൽ PSC Helpline ആരംഭിച്ചിട്ടുണ്ട്.

8. പി.എസ്.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 101 പുതിയ തസ്തികകൾ സൃഷ്ടിച്ചു.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 610 — 27.07.2010 -ൽ മറുപടിയ്ക്ക്

### ഔഷധ വനം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.കെ.പുരുഷോത്തമൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി<br>ശ്രീ.എം.ജെ.ജേക്കബ് | ശ്രീ. ബിനോയ് വിശ്വം (വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

(എ) വനം വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള 'ഔഷധവനം' പദ്ധതിയുടെ വിശദാംശം നൽകുമോ ;

(എ) 'ഔഷധ വനം' എന്ന പേരിൽ വനം വകുപ്പ് പദ്ധതിയൊന്നും നടപ്പിലാക്കുന്നില്ല. കേന്ദ്ര സർക്കാരിന്റെ കീഴിലെ നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡിന്റെ സഹായത്തോടെ 2008 മുതൽ താഴെപറയുന്ന രണ്ടു പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ഔഷധഗുണമുള്ള വൃക്ഷങ്ങൾ തേക്കുതോട്ടങ്ങളിൽ അടിവിളയായി വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി.
2. കേരളത്തിലെ ഔഷധഗുണമുള്ള പ്രധാന വൃക്ഷയിനങ്ങൾ നട്ടു വളർത്തുന്നതിനുള്ള പദ്ധതി

കൂടാതെ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ ധനസഹായത്തോടെ ഔഷധവൃക്ഷങ്ങൾ കൃഷി ചെയ്യാനുള്ള ഒരു പദ്ധതിയും നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്.

ഇതുകൂടാതെ ദേശീയ ആസൂത്രണ കമ്മീഷന്റെ ഫണ്ടുപയോഗിച്ച് സംസ്ഥാന ആസൂത്രണ കമ്മീഷന്റെ മാർഗ നിർദ്ദേശങ്ങളനുസരിച്ച് 2003-04 വർഷം മുതൽ 2008-09 വരെ സഞ്ജീവനിവനം എന്ന പേരിൽ ഒരു പദ്ധതി സംസ്ഥാനത്ത് ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും, കാര്യക്ഷമമായ അവബോധവും പരിശീലനവും കർഷകർക്കും പൊതുജനങ്ങൾക്കും നൽകുന്നതിനുമായി വനം വകുപ്പിലെ സോഷ്യൽ ഫോറസ്ട്രി വിഭാഗം നടപ്പിലാക്കിയിട്ടുണ്ട്.

ബി) എത്ര ഏക്കർ സ്ഥലത്ത് വനം വകുപ്പ് ഔഷധകൃഷി നടത്തുന്നുണ്ട് ;

(ബി) തേക്കുതോട്ടങ്ങളിൽ അടിവിളയായി വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതിയിൽ 160 ഹെക്ടർ സ്ഥലത്ത് വനം വകുപ്പ് ഔഷധതോട്ടം നിർമ്മിക്കുന്നുണ്ട്. കേരളത്തിലെ പ്രധാന ഔഷധ വൃക്ഷങ്ങൾ പ്രധാന വിളയായി

നട്ടുപിടിപ്പിക്കുന്ന പദ്ധതിയിൽ 111 ഹെ. സ്ഥലത്ത് ഔഷധതോട്ടങ്ങൾ നിർമ്മിക്കുന്നു. ഇതുകൂടാതെ സഞ്ജീവനിവനം പദ്ധതിപ്രകാരം 29.17 ഏക്കർ സ്ഥലത്ത് ഔഷധ തോട്ടങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഇതിനായി 34.49 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

| | |
|---|---|
| സി) വനപ്രദേശങ്ങളിലെ അപൂർവ സസ്യങ്ങളെക്കുറിച്ച് സർവ്വേ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | സി) സർവ്വേ നടത്തുന്നുണ്ട്. |
| ഡി) വനമേഖലകളിലെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന അമൂല്യ ഔഷധ സസ്യങ്ങളെ സംരക്ഷിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ? | ഡി) മേൽപറഞ്ഞ പദ്ധതികൾ കൂടാതെ ഔഷധ സസ്യങ്ങളെ തിരിച്ചറിയാനും അവയുടെ ഔഷധ മൂല്യം മനസ്സിലാക്കുന്നതിനുമായി ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്. വനമേഖലകളിലെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന അമൂല്യ ഔഷധ സസ്യങ്ങളെ സംരക്ഷിക്കുന്നതിനും പൊതുജനങ്ങൾക്കായി ഔഷധ സസ്യങ്ങളുടെ തൈവിതരണം, പദ്ധതി വിഹിതം ഉപയോഗിച്ച് തടിയേതരവന വിഭവങ്ങളുടെ നടീലും പരിപാലനവും, ബാംഗളൂരിലെ Fedaration of Revitalization of Local Health Traditions (FRLHT) എന്ന സംഘടനയുമായി യോജിച്ചിട്ടുള്ള പദ്ധതികൾ, പങ്കാളിത്ത വനപരിപാലനപരിപാടിയുടെ ഭാഗമായി മെഡിസിനൽ പ്ലാന്റ് കൺസർവേഷൻ ഏരിയ എന്നീപദ്ധതികളും നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം : 611 27-07-2010 -ൽ മറുപടിക്ക്

## ആഗോളതാപനം മൂലമുള്ള പ്രശ്നങ്ങൾ

==========================

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.പി. പത്മനാഭൻ :<br>പ്രൊഫ. സി. രവീന്ദ്രനാഥ്:<br>ശ്രീമതി. കെ.എസ്. സലീഖ:<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) ആഗോളതാപനം മൂലമുള്ള പ്രശ്നങ്ങൾ നേരിടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച വിഷയത്തിന്റെ ഗൗരവം എല്ലാ അർത്ഥത്തിലും ഉൾക്കൊണ്ടുകൊണ്ട് വിവിധ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. 2010-11 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ പരിസ്ഥിതിയ്ക്ക് മുമ്പൊരിക്കലുമുണ്ടാകാത്ത ഊന്നൽ നൽകി "ഗ്രീൻ ബഡ്ജറ്റ്" തയ്യാറാക്കിയത് ആഗോളതാപനം / കാലാവസ്ഥാ വ്യതിയാനം എന്നിവ മുന്നിൽക്കണ്ടാണ്. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച ദേശീയ കർമ്മ പരിപാടികളും മറ്റും പരിസ്ഥിതി സന്തുലിതമായ വികസനം ലക്ഷ്യമാക്കി ഏകോപിപ്പിച്ചു നടപ്പിലാക്കുന്നതിനായി സംസ്ഥാന പരിസ്ഥിതി വകുപ്പിനു കീഴിൽ നോഡൽ ഏജൻസിയായി പരിസ്ഥിതി മാനേജ്മെന്റ് ഏജൻസി പ്രവർത്തിച്ചു വരുന്നു.<br>വിവിധ വകുപ്പുകൾ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കികൊണ്ടു വരുന്ന കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

.....2

ബി) കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എന്തെങ്കിലും ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

ബി) മൂന്നാർ മുതൽ ലക്ഷദ്വീപ് വരെയുള്ള പ്രദേശത്ത് കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് ഭൗമശാസ്ത്ര പഠനകേന്ദ്രം മറ്റ് സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണം ആരംഭിച്ചിട്ടുണ്ട്. കൗൺസിലിന്റെ കേന്ദ്രങ്ങളായ വന ഗവേഷണകേന്ദ്രവും ജലവിഭവ വികസന ഗവേഷണ കേന്ദ്രവും ഈ വിഷയവുമായി ബന്ധപ്പെട്ട് ഗവേഷണങ്ങൾ നടത്തുന്നുണ്ട്.

കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് ഭൗമശാസ്ത്ര പഠനകേന്ദ്രത്തിൽ നടക്കുന്ന പഠനങ്ങൾ താഴെപ്പറയുന്നവയാണ്.

(i) മീഥേൻ നൈട്രസ് ഓക്സൈഡ്, കാർബൺ മോണോക്സൈഡ്, ഓസോൺ, നീരാവി തുടങ്ങിയ ഹരിത ഗൃഹവാതകങ്ങളുമായി ബന്ധപ്പെട്ട പഠനങ്ങൾ.

(ii) മഴത്തുള്ളികൾ, മേഘജാലങ്ങളുടെ ഊർജ്ജതന്ത്രം (Cloud Physics) എന്നിവയെപ്പറ്റിയുള്ള പഠനങ്ങൾ.

(iii) നഗരങ്ങളിലെ താപതുരുത്തുകളെ (Urban Heat Islands) പ്പറ്റിയുള്ള പഠനങ്ങൾ.

(iv) ഭൂവിനിയോഗം, വനവിസ്തൃതി, മഴയുടെ ഏറ്റക്കുറച്ചിൽ എന്നിവയുടെ കഴിഞ്ഞ അറുപതു മുതൽ നൂറു വർഷം വരെയുള്ള മാറ്റത്തെ കുറിച്ചുള്ള പഠനങ്ങൾ.

സി) കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

സി) വേമ്പനാട് കായലിന്റെയും കണ്ണൂർ റീജിയണിലെ കണ്ടൽക്കാടുകളുടെയും സംരക്ഷണത്തിനായി രണ്ട് പദ്ധതികൾ കേന്ദ്രസർക്കാരിന്റെ സഹായത്തോടെ നടപ്പാക്കി വരുന്നുണ്ട്. 2006-2007 വർഷത്തെ മാനേജ്മെന്റ് ആക്ഷൻ പ്ലാൻ അനുസരിച്ച് വേമ്പനാടിന് 51.25 ലക്ഷം രൂപയും കണ്ണൂർ റീജിയണിന് 49.21 ലക്ഷം രൂപയുമാണ് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചത്. കണ്ടൽക്കാടുകൾ നട്ടുപിടിപ്പിക്കൽ, സാമൂഹ്യപൊതുക്ഷേമ പ്രവർത്തനങ്ങൾ, ബോധവൽക്കരണം, സർവ്വേ ആന്റ് മാപ്പിംഗ്, ബോട്ട്, ടെന്റ് മുതലായ ഉപകരണങ്ങൾ വാങ്ങിക്കൽ തുടങ്ങിയ

പ്രവർത്തികളാണ് പദ്ധതികൾ പ്രകാരം നടപ്പിലാക്കി വരുന്നത്. ഇതിൽ വേമ്പനാട് പദ്ധതിക്കുവേണ്ടി റിലീസ് ചെയ്ത 41 ലക്ഷം രൂപയും കണ്ണൂർ പദ്ധതിക്കുവേണ്ടി റിലീസ് ചെയ്ത 34.45 ലക്ഷം രൂപയിൽ 30.75 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ട്. 2007-2008 വർഷത്തിൽ വേമ്പനാടിന് 9.97 ലക്ഷം രൂപയും കണ്ണൂർ റീജിയണിന് 6.93 ലക്ഷം രൂപയും ചെലവായിട്ടുണ്ട്. ആകെ 100.42 ലക്ഷം രൂപ ഇതുവരെയായി ചെലവായിട്ടുണ്ട്. 2009-2010 വർഷത്തേയ്ക്ക് മാനേജ് മെന്റ് ആക്ഷൻ പ്ലാൻ കേന്ദ്ര സർക്കാരിലേക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അതിൽ വേമ്പനാട് പദ്ധതിയ്ക്ക് 28.59 ലക്ഷം രൂപയും കണ്ണൂർ പദ്ധതിയ്ക്ക് 21.20 ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ ഇവയുടെ അംഗീകാരം ഇതുവരെയും ലഭിച്ചിട്ടില്ല.

കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി 45 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് നടപ്പു വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ്. കണ്ടൽ വനങ്ങൾ വച്ചുപിടിപ്പിക്കുക, സ്വകാര്യ കണ്ടൽ പ്രദേശങ്ങളുടെ ഉടമകൾക്ക് കണ്ടൽ സംരക്ഷണത്തിനായി പ്രോൽസാഹനം നൽകുക, വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമിടയിൽ കണ്ടലുകളുടെ സംരക്ഷണ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക തുടങ്ങിയവയാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഡി) തണ്ണീർത്തടങ്ങളുടെ സംരക്ഷണവും പരിപാലനവും സംബന്ധിച്ച് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

ഡി) കേരളത്തിലെ ജലാശയങ്ങളുടെ സംരക്ഷണത്തിനായി ഒരു അതോറിറ്റി (കേരളാ റിവർ ആന്റ് വെറ്റ് ലാന്റ് അതോറിറ്റി) രൂപീകരിക്കുന്നതിനായി കേരള വാട്ടർ കൺസർവേഷൻ ആക്ട് 2003 ഭേദഗതി വരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

തണ്ണീർത്തടങ്ങളുടെയും ജലസ്രോതസ്സുകളുടെയും സംരക്ഷണം ലക്ഷ്യമാക്കി സംസ്ഥാന നദീതട തണ്ണീർത്തട അതോറിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

ഇ) ആഗോളതാപനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യുമോ; വിശദമാക്കുമോ ?

ഇ) സാമാന്യ പരിസ്ഥിതി ബോധവൽക്കരണത്തിന്റെ ഭാഗമായി കാലാവസ്ഥാ വ്യതിയാനവും ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന പരിസ്ഥിതി വകുപ്പ്, ശാസ്ത്ര സാങ്കേതിക വകുപ്പ്, വനം വകുപ്പ്, എനർജി മാനേജ്മെന്റ് സെന്റർ തുടങ്ങി വിവിധ സർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, യൂണിവേഴ്സിറ്റികൾ, കോളേജുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ കാലാകാലങ്ങളിൽ സെമിനാർ, ചർച്ചാ ക്ലാസ്സുകൾ, പരിശീലന പരിപാടികൾ എന്നിവ നടത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ഊർജ്ജ മേഖല** : ഉൽപ്പാദനം, പ്രസരണം, വിതരണം, ഉപയോഗം എന്നീ മേഖലകളിൽ ക്ഷമത കൈവരിച്ചും, പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ വികസിപ്പിച്ചും, കാർബൺ ബഹിർഗമന തോത് കുറയ്ക്കുവാൻ സംസ്ഥാന വൈദ്യുതിബോർഡ്, എനർജി മാനേജ്മെൻറ് സെൻറർ, പാരമ്പര്യേതര ഊർജ്ജ ഏജൻസി മുഖേന നടപടികൾ എടുത്തുവരുന്നു. പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനം 500 മെഗാ വാട്ട് കണ്ട് വർദ്ധിപ്പിക്കുക, പ്രസരണ, വിതരണ നഷ്ടം വർഷം തോറും 1.5 മുതൽ 2 % വരെ കുറയ്ക്കുക, സി.എഫ്. എൽ വിളക്കുകൾ മൂലം 300 മെഗാ വാട്ട് വൈദ്യുതി ലാഭിക്കുക എന്നിവയാണ് ഇതിൽ പ്രധാനം. നിർമ്മാണ മേഖലയിൽ കാലാവസ്ഥാനുസൃതമായ രൂപരേഖകൾ തയ്യാറാക്കി ഊർജ്ജ സംരക്ഷിത കെട്ടിട നിർമ്മാണം വ്യാപകമാക്കാനും ഉദ്ദേശിക്കുന്നുണ്ട്.

**ഗതാഗത മേഖല** : വാഹനങ്ങളുടെ പുകപരിശോധന കാര്യക്ഷമമാക്കുന്നതിനോടൊപ്പം പരിസ്ഥിതി സൗഹൃദപരമായ സി.എൻ.ജി. ബസ്സുകൾ, മോട്ടോ റെയിൽ എന്നിവയുടെ അനുയോജ്യത വിലയിരുത്തി വരുന്നു.

**മാലിന്യ നിർമ്മാർജ്ജനം** : സംസ്ഥാന ശുചിത്വ മിഷൻ നടപ്പിലാക്കി വരുന്ന വിവിധ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, സംപൂർണ്ണ ശുചിത്വം ഉറപ്പുവരുത്തുന്നതോടെ ഇതുമൂലമുള്ള കാർബൺ ബഹിർഗമന തോത് കുറയ്ക്കുവാനാകും.

**കാർഷിക മേഖല** : കൃഷി സ്ഥലങ്ങൾ മറ്റാവശ്യങ്ങൾക്കായി വിനിയോഗിക്കാതിരിക്കുന്നതിനുള്ള നിയമങ്ങൾ കർക്കശമായി നടപ്പിലാക്കുന്നത് കൃഷി ഭൂമി സംരക്ഷിക്കുന്നതിന് സഹായിക്കും. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യേകതകളെ ചെറുക്കാനുതകുന്ന തരത്തിലുള്ള ജൈവാധിഷ്ഠിത നെൽകൃഷി രീതികൾ / വിത്തുകൾ എന്നിവ ഗവേഷണ സ്ഥാപനങ്ങൾ മുഖേന കണ്ടെത്താനുള്ള നടപടികളും എടുത്തു വരുന്നു. എം.എസ്. സ്വാമിനാഥൻ കമ്മീഷന്റെ 'കുട്ടനാട്' കൃഷിമേഖല പുനരുദ്ധാരണ പദ്ധതി കാലാവസ്ഥാ വ്യതിയാനം മുന്നിൽക്കണ്ടാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

**വനമേഖല** : കാർബൺ ആഗിരണം മൂലം ഹരിതവാതകങ്ങളുടെ സാന്ദ്രത കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വനം വകുപ്പ് സാമൂഹിക വനവൽക്കരണത്തിലൂടെ എന്റെ മരം, നമ്മുടെ മരം, വഴിയോര തണൽ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതോടനുബന്ധിച്ച് 2008, 2009 വർഷങ്ങളിൽ സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിന്റെ 'ഇന്ദിരാ പ്രിയദർശിനി വൃക്ഷമിത്ര' പുരസ്കാരം ലഭിക്കുകയുണ്ടായി.

**ജലവിഭവ മേഖല** : സംസ്ഥാനത്തെ നദികൾ, ശുദ്ധജലസ്രോതസ്സുകൾ, നീർത്തടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും, പുനരുജ്ജീവിപ്പിക്കുന്നതിനുമായി നദീപരിപാലന അതോറിറ്റിയുടെ രൂപീകരണം സജീവ പരിഗണനയിലാണ്.

**ഗവേഷണ മേഖല** : കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രാദേശിക വ്യതിയാനങ്ങൾ മനസ്സിലാക്കുന്നതിനും ഇത് നേരിടുന്നതിന് സംസ്ഥാനത്തെ വിവിധ മേഖലകളെ സുസജ്ജമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനു കീഴിലുള്ള വിവിധ ഗവേഷണ സ്ഥാപനങ്ങളുടെ (CESS, CWDRM, KFRI, NATPAC, TBGRI മുതലായവ ) യും കാർഷിക സർവകലാശാലകളുടെയും ആഭിമുഖ്യത്തിൽ മൂന്നാർ-ലക്ഷദ്വീപ് പ്രാദേശിക മേഖലയെ സംബന്ധിച്ച് ഒരു പഠനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച പഠനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഒരു സ്ഥാപനവും, ജൈവവൈവിധ്യം സംബന്ധിച്ച ഗവേഷണം ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി സൈലന്റ്വാലി കേന്ദ്രീകരിച്ച് ഒരു സ്ഥാപനവും തുടങ്ങാൻ ആലോചനയുണ്ട്.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 612** **27.07.2010 ലെ മറുപടിക്ക്**

### ചരക്ക് സേവന നികുതി സംബന്ധിച്ച 13-ാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എം.ദിനേശ്മണി :<br>ശ്രീ.ബാബു.എം.പാലിശ്ശേരി :<br>ശ്രീമതി.കെ.കെ.ലതിക :<br>ശ്രീ.വി.ശശികുമാർ : | **ഡോ .റ്റി.എം.തോമസ് ഐസക്**<br>**(ധനകാര്യ വകുപ്പു മന്ത്രി)** |
| (എ) ചരക്ക് സേവന നികുതി സമ്പ്രദായം നടപ്പാക്കുന്നത് സംബന്ധിച്ച് 13-ാം ധനകാര്യ കമ്മീഷൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് ; | (എ) 13-ാം ധനകാര്യ കമ്മീഷൻ ഒരു മാതൃകാ ചരക്കു സേവന നികുതി നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ചരക്കു സേവന നികുതിയെ സംബന്ധിച്ച ഭാഗം (അദ്ധ്യായം 5) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) കമ്മീഷൻ തയ്യാറാക്കിയിട്ടുള്ള മാതൃകാ ചരക്ക് സേവന നികുതിയിലെ നിർദ്ദേശങ്ങൾ വ്യക്തമാക്കുമോ ; | (ബി) കമ്മീഷൻ തയ്യാറാക്കിയിരിക്കുന്ന മാതൃകാ ചരക്കു സേവന നികുതിയിലെ നിർദ്ദേശങ്ങളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു. മാതൃകാ ചരക്കു സേവന നികുതിയിൽ ചരക്കുകളും സേവനങ്ങളും തമ്മിൽ യാതൊരു വേർതിരിവും പാടില്ല. എല്ലാ ചരക്കുകൾക്കും സേവനങ്ങൾക്കും ഒരൊറ്റ നികുതി നിരക്കുമാത്രമേ പാടുള്ളൂ. കയറ്റുമതിയുടെ നിരക്ക് പൂജ്യമായിരിക്കണം. നികുതി നിർവഹണ ചിലവുകൾ പരമാവധി കുറയ്ക്കണം. അന്തർ സംസ്ഥാന വിൽപ്പനകൾക്കും ഇൻപുട് ടാക്സ് ക്രെഡിറ്റ് നൽകണം. ജി.എസ്.ടി.യിൽ എല്ലാ പരോക്ഷ നികുതികളെയും ഉൾപ്പെടുത്തണം. അതായത്, സി.ജി.എസ്.ടി.യിൽ കേന്ദ്ര എക്സൈസ് തീരുവയെയും അധിക എക്സൈസ് തീരുവയെയും സേവന നികുതിയെയും അധിക കസ്റ്റംസ് തീരുവയെയും എല്ലാ സർച്ചാർജുകളെയും സെസ്സുകളെയും സംയോജിപ്പിക്കണം. വാണിജ്യ നികുതി, കേന്ദ്ര വിൽപന നികുതി, പ്രവേശന നികുതി, ഒക്ട്രോയി, ആഡംബര നികുതി, ലോട്ടറി, ചൂതാട്ടം, പന്തയം എന്നിവയിന്മേലുള്ള നികുതി, വിനോദ നികുതി, പരസ്യ നികുതി, മോട്ടോർ വാഹന നികുതി, സംസ്ഥാന എക്സൈസ് തീരുവ, സ്റ്റാമ്പ് തീരുവ, ഇലക്ട്രിസിറ്റി ചാർജ്, സംസ്ഥാന സർച്ചാർജ്, സെസ്സ് എന്നിവ എസ്.ജി.എസ്.ടി.യിൽ സംയോജിപ്പിക്കണം. പെട്രോൾ, ഡീസൽ, എ.റ്റി.എഫ്., മദ്യം, പുകയില എന്നിവയ്ക്ക് ദ്വിമുഖ നികുതി, അതായത് ജി.എസ്.ടി.യും അധിക തീരുവയും ഏർപ്പെടുത്താം. സംസ്ഥാനത്തിനുണ്ടാകുന്ന നികുതി നഷ്ടവും പരിസ്ഥിതി പ്രാധാന്യവും പരിഗണിച്ച് സംസ്ഥാനങ്ങൾക്ക് അധിക തീരുവ |

നിശ്ചയിക്കാവുന്നതാണ്. ഇപ്രകാരമുള്ള അധിക തീരുവയ്ക്ക് ഇൻപുട് ടാക്സ് ക്രെഡിറ്റ് നൽകേണ്ടതില്ല. ഒരു പൊതു പട്ടികയിലുള്ള ഉൽപന്നങ്ങളെ മാത്രമെ എല്ലാ സംസ്ഥാനങ്ങളും കേന്ദ്രവും നികുതിയിൽ നിന്നും ഒഴിവാക്കാൻ പാടുള്ളൂ. 10 ലക്ഷം വരെ വിറ്റുവരവുള്ളവർക്ക് സി.ജി.എസ്.ടി.യിലും, എസ്.ജി.എസ്.ടി.യിലും നികുതി ഒഴിവു നൽകണം. 40 ലക്ഷം വരെ വിറ്റുവരവുള്ളവർക്ക് കോമ്പൗണ്ട് ചെയ്യാനുള്ള അവകാശം നൽകണം. 10 ലക്ഷത്തിനും 40 ലക്ഷത്തിനും ഇടയിലുള്ളവരുടെ സി.ജി.എസ്.ടി.യും, എസ്.ജി.എസ്.ടിയും സംസ്ഥാനങ്ങൾ പിരിക്കുകയും സി.ജി.എസ്.ടി. കേന്ദ്രത്തിന് കൈമാറുകയും വേണം. ആയതിനുള്ള ചിലവ് കേന്ദ്രം സംസ്ഥാനങ്ങൾക്ക് നൽകണം. ഒരു പ്രത്യേക പ്രദേശത്തെ അടിസ്ഥാനമാക്കി നികുതി ഒഴിവു നൽകുന്നതിനു പകരം അത്തരം സ്ഥലത്തെ വ്യവസായങ്ങൾക്ക് അവർ അടച്ച നികുതി റീഫണ്ടായി നൽകാവുന്നതാണ്. സേവന നികുതിയുടെ കാര്യത്തിൽ സേവനം നൽകുന്ന സ്ഥലം തീരുമാനിക്കുന്നതിന് അന്തർദ്ദേശീയ മാനദണ്ഡങ്ങൾ സ്വീകരിക്കാവുന്നതാണ്. അന്തർ സംസ്ഥാന വിൽപ്പനകൾക്കും ഇൻപുട് ടാക്സ് ക്രെഡിറ്റ് ബാധകമാവുന്നതിനാൽ നികുതി സംബന്ധമായ ക്രയവിക്രയ വിവരങ്ങളുടെ കൈമാറ്റത്തിനുള്ള TINXSYS സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്. അതിനാൽ ഈ സംവിധാനത്തിന്റെ സുഗമമായ നടത്തിപ്പിന് ഒരു കേന്ദ്ര ഏജൻസിയെ ചുമതലപ്പെടുത്തേണ്ടതാണ്. അന്തർ സംസ്ഥാന വിൽപ്പനയിന്മേലുള്ള ഇൻപുട് ടാക്സ് ക്രെഡിറ്റ് നൽകുന്നതിനും അപ്രകാരമുള്ള വിൽപ്പനയിന്മേൽ ശേഖരിച്ച നികുതി ഒരു സംസ്ഥാനത്തിൽ നിന്നും മറ്റൊരു സംസ്ഥാനത്തിലേയ്ക്ക് കൈമാറുന്നതിനും നിയമം രൂപീകരിക്കേണ്ടതുണ്ട്. നികുതി നിർവഹണ ചിലവു കുറയ്ക്കുന്നതിനും നികുതി ലഭ്യത കൂടുന്നതിനും എല്ലാ സംസ്ഥാനങ്ങളിലും ഏകീകൃത നിയമം ആവശ്യമാണ്. സി.എസ്.ടി. നിരക്ക് പൂജ്യമാക്കുന്നതോടെ അന്തർ സംസ്ഥാന വിൽപന സൂക്ഷ്മതയോടെ നിരീക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ഇൻപുട് ടാക്സിന്റെ റീഫണ്ട് കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്. അർഹരായ വ്യാപാരികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് റീഫണ്ട് തുക വരവുവയ്ക്കേണ്ടതാണ്. ചരക്കുകളുടെ സുഗമമായ ഗതാഗതത്തിന് ചെക്ക് പോസ്റ്റുകളിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്. അതിർത്തി ചെക്ക് പോസ്റ്റുകൾ ഏകീകരിക്കുകയും രണ്ടു സംസ്ഥാനങ്ങളിലേയും ഉദ്യോഗസ്ഥർ ഒരേ സ്ഥലത്തുവച്ചു തന്നെ പരിശോധന നടത്തുകയും വേണം. ജി.എസ്.ടി.യിലെ തർക്കങ്ങൾ പരിഹരിക്കുന്നതിനായി സ്വതന്ത്രവും അർദ്ധ

നീതിന്യായ അധികാരവുമുള്ള ഒരു സമിതിയെ നിയമിക്കണം. ജി.എസ്.ടി. നടപ്പിലാക്കുന്നതിനു ധൃതി പിടിക്കാതെ എല്ലാ സംസ്ഥാനങ്ങളും ജി.എസ്.ടി നടപ്പിലാക്കുന്നതിന് തയ്യാറെടുപ്പുകൾ നടത്തേണ്ടതുണ്ട്. മറ്റു നികുതി സമ്പ്രദായങ്ങളിൽ നിന്ന് ജി.എസ്.ടി.യിലേയ്ക്ക് മാറുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് ജി.എസ്.ടി.യിൽ പരിഹാരം കണ്ടെത്തേണ്ടതാണ്.

(സി) ഈ നിർദ്ദേശങ്ങൾ സംസ്ഥാനങ്ങളുടെ താൽപര്യങ്ങൾക്ക് ഗുണകരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) 13-ാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശങ്ങൾക്ക് സംസ്ഥാന ധനകാര്യ മന്ത്രിമാരുൾപ്പെടുന്ന , ഉന്നതാധികാര സമിതി പരിശോധിച്ചു വരുന്നതേയുള്ളൂ. നിലവിലുള്ള സാഹചര്യത്തിൽ പ്രാപ്യസ്ഥാനത്ത് നികുതി ലഭിക്കുന്ന ഒരു വ്യവസ്ഥയാണ് ജി.എസ്.ടിയിലുള്ളത് എന്നതിനാൽ ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഈ നികുതി വ്യവസ്ഥ പൊതുവെ ഗുണകരമായിരിക്കും എന്ന് കരുതുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തിന്റെ പ്രധാന വരുമാന മാർഗം പെട്രോൾ, ഡീസൽ, ഐ.എം.എഫ്.എൽ. എന്നിവയിൽ നിന്നാണ്. ആയതിനാൽ ഈ ഇനങ്ങളെയും ഇലക്ട്രിസിറ്റി ചാർജ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവയേയും ജി.എസ്.ടിയിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തിന് ഗുണകരമാകാൻ ഇടയില്ല. ആയതിനാൽ ഇവയെ ജി.എസ്.ടി.യുടെ പരിധിയിൽ നിന്ന് ഒഴിവാക്കണമെന്നാണ് സംസ്ഥാനത്തിന്റെ ആവശ്യം.

(ഡി) ജി.എസ്.ടി. നടപ്പാക്കുമ്പോൾ നഷ്ടം വരുന്ന സംസ്ഥാനങ്ങൾക്ക് നഷ്ട പരിഹാരം നൽകാൻ വ്യവസ്ഥയുണ്ടോ ;

(ഡി) നഷ്ട പരിഹാര പാക്കേജുകളെ കുറിച്ചും അത് എപ്രകാരം നൽകുന്നു എന്നതിനെക്കുറിച്ചും ഉന്നതാധികാര സമിതി പരിശോധിച്ചു വരുന്നതേയുള്ളൂ. നിലവിലുള്ള സംവിധാനത്തിൽ നിന്നും വിഭിന്നമായി ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനായി ഭരണഘടനാനുസൃതമായ ഒരു സംവിധാനം നിലവിൽ വരണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ജി.എസ്.ടി. സമ്പ്രദായം നടപ്പാക്കുന്നതു സംബന്ധിച്ച നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ?

(ഇ) ജി.എസ്.ടി. നടപ്പിൽ വരുത്തുന്നതിനുള്ള പ്രാഥമിക ചർച്ചകളും, നിയമ നിർമ്മാണത്തിനുള്ള നടപടികളും ഉന്നതാധികാര സമിതി സ്വീകരിച്ച് വരുന്നതേയുള്ളൂ. അന്തിമ രൂപത്തിൽ ആയിട്ടില്ല.

സെക്ഷൻ ഓഫീസർ

[illegible]

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 613

27-07-2010 -ൽ മറുപടിയ്ക്ക്

## ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെയും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുടേയും പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഉമ്മർ : | ശ്രീ. സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെയും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുടേയും പ്രവർത്തനങ്ങൾ വിശദീകരിക്കുമോ ; | (എ) ഉപഭോക്താവിനുള്ള പരാതിയ്ക്കു പരിഹാരം തേടുന്നതിന് 1986 -ലെ ഉപഭോക്തൃ സംരക്ഷണ നിയമ പ്രകാരം എല്ലാ ജില്ലകളിലും ഓരോ ഉപഭോക്തൃ തർക്ക പരിഹാര ഫോറവും സംസ്ഥാന തലത്തിൽ ഒരു ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും പ്രവർത്തിച്ചുവരുന്നുണ്ട്. ഫോറങ്ങളിലും കമ്മീഷനിലും ഉപഭോക്താവിന് നേരിട്ട് പരാതി ഫയൽ ചെയ്യാവുന്നതും കേസ് വാദിക്കാവുന്ന തുമാണ്. സിവിൽ കോടതികളിൽ നിന്നും വ്യത്യസ്തമായി കേസ് വാദിക്കുന്നതിന് ഇവിടെ അഡ്വക്കേറ്റിന്റെ ആവശ്യമില്ല. കേസുകൾ കുറഞ്ഞ ചെലവിലും സമയ ത്തിനുള്ളിലും തീർപ്പാക്കാവുന്നതാണ്. പരാതിയ്ക്കാസ്പദമായ കാരണമുണ്ടായ ദിവസം മുതൽ രണ്ട് വർഷത്തിനുള്ളിൽ പരാതി ഫയൽ ചെയ്യേണ്ടതാണ്. ഇരുപത് ലക്ഷത്തിൽ താഴെ നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കേസുകൾ ജില്ലാ ഫോറത്തിലും ഇരുപത് ലക്ഷം മുതൽ |

ഒരുകോടി രൂപ വരെ നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കേസുകൾ സംസ്ഥാന കമ്മീഷനിലും ഫയൽ ചെയ്യാവുന്നതാണ്. അതിന് മുകളിലുള്ളത് ദേശീയ കമ്മീഷനിലാണ് ഫയൽ ചെയ്യേണ്ടത്. ജില്ലാ ഫോറങ്ങളിലെ വിധിയ്ക്കെതിരെ സംസ്ഥാന കമ്മീഷനിലും, സംസ്ഥാന കമ്മീഷന്റെ വിധിയ്ക്കെതിരെ ദേശീയ കമ്മീഷനിലും അപ്പീൽ നൽകാവുന്നതാണ്. സംസ്ഥാന കമ്മീഷനിൽ അപ്പീൽ ഫയൽ ചെയ്യാൻ ജില്ലാ ഫോറത്തിന്റെ വിധിയിൽ അനുവദിച്ച നഷ്ടപരിഹാരവും കോടതി ചെലവും ഉൾപ്പെടെയുള്ള തുകയുടെ പകുതിയോ 25,000/- രൂപയോ അതിൽ ഏതാണ് കുറവ് ആ തുക ഡെപ്പോസിറ്റ് ചെയ്ത് മാത്രമേ കമ്മീഷനിൽ അപ്പീൽ ഫയൽ ചെയ്യാൻ കഴിയുകയുള്ളു.

| | |
|---|---|
| (ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഇപ്പോൾ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ; | (ബി) ഉണ്ട്. |
| (സി) ഉപഭോക്തൃ നിയമ മനുസരിച്ചുള്ള അംഗങ്ങളെ എല്ലാ ജില്ലകളിലും നിയമിച്ചിട്ടുണ്ടോ ; ഓരോ ജില്ലയിലെ ഫോറങ്ങളിലും എത്ര അംഗങ്ങൾ വീതം ഉണ്ട് ; | (സി) നിയമിച്ചിട്ടുണ്ട്. ഓരോ ജില്ലാ ഫോറത്തിലും ഒരു പ്രസിഡന്റും രണ്ട് അംഗങ്ങളും വീതം ഉണ്ട്. അംഗങ്ങളിൽ ഒരാൾ വനിതയാണ്. |

| | | | |
|---|---|---|---|
| (ഡി) | ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിൽ (CDRF) നൽകുന്ന പരാതികളിൽ തീർപ്പുകൽപ്പിക്കാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ഉണ്ട്. ഉപഭോക്തൃ ബോധവൽക്കരണ പരിപാടികളുടെ ഫലമായി ഫോറങ്ങളിൽ ഫയൽ ചെയ്യുന്ന കേസുകളുടെ എണ്ണം വളരെ വർദ്ധിച്ചിട്ടുണ്ട്. മെഡിക്കൽ നെഗ്ലിജൻസ്, കമ്മീഷൻ റിപ്പോർട്ടുകൾ ആവശ്യമായവ മുതലായ കേസുകൾ തീർപ്പാക്കുവാൻ കൂടുതൽ സമയം വേണ്ടി വരുന്നു. കൂടാതെ മുമ്പ് പല ജില്ലകളിലും പ്രസിഡന്റുമാരുടേയും മെമ്പർമാരുടേയും ഒഴിവുകൾ ഉണ്ടായിരുന്നത് മൂലവും കേസുകൾ തീർപ്പാക്കുവാൻ കാലതാമസം ഉണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പോൾ എല്ലാ ജില്ലാ ഫോറങ്ങളും പൂർണ്ണമായും പ്രവർത്തനക്ഷമമാണ്. |
| (ഇ) | എങ്കിൽ ഇതിന് എന്തെല്ലാം പരിഹാര നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ഇ) | കേസുകൾ തീർപ്പാക്കുന്നതിന് കാലതാമസം ഒഴിവാക്കുവാൻ സംസ്ഥാന കമ്മീഷനിൽ നിന്നും ഫോറങ്ങൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. അദാലത്തുകളും നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ –614 27.07.2010 ൽ മറുപടിക്ക്**

## ശബരിമല റോഡ് പ്രോജക്റ്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.സി രാജഗോപാലൻ:<br>" രാജു എബ്രഹാം;<br>" കെ.കെ. ജയചന്ദ്രൻ:<br>" വി. എൻ. വാസവൻ | ഡോ. റ്റി. എം. തോമസ് ഐസക്ക്<br>(ധനകാര്യ-മരാമത്ത് വകുപ്പു മന്ത്രി) |
| (എ) ശബരിമല റോഡ് പ്രോജക്റ്റുകളിൽ ഉൾപ്പെടുത്തി ശബരിമലയിലേക്കുള്ള വിവിധ റോഡുകളുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) ഹെവി മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി 5 പ്രവൃത്തികൾക്കായി 45.12 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി രണ്ടു പ്രവൃത്തികൾക്ക് 8.10 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ വാർഷിക അറ്റകുറ്റപ്പണികൾക്കായി കഴിഞ്ഞ വർഷം 24-9-09-ലെ 1112/09/പൊ.മ.വ. ഉത്തരവ് പ്രകാരം 22.765 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ വർഷത്തെ അറ്റകുറ്റപ്പണികൾക്കായി ചീഫ് എഞ്ചിനീയർ നൽകിയ എസ്റ്റിമേറ്റുകൾ പരിശോധിച്ചു വരികയാണ്. |
| (ബി) ഏതെല്ലാം പണികൾക്കാണ് കഴിഞ്ഞ വർഷം ഭരണാനുമതി നൽകിയിട്ടുള്ളത്; | (ബി)<br>1) പ്ലാപ്പള്ളി - ചാലക്കയം റോഡ് (മണ്ണാർകുളഞ്ഞി-പമ്പ റോഡ് (32/00കി.മീ. മുതൽ 53/480 കി.മീ.)<br>2) കണമല പാലം<br>3) കണമല-ഇളവുങ്കൽ റോഡ് (0/0 കി.മീ. മുതൽ 9/910 കി.മീ.)<br>4) കാഞ്ഞിരപ്പള്ളി എരുമേലി റോഡ്<br>5) മണ്ണാർകുളഞ്ഞി-പമ്പ റോഡ് (0/0 കി.മീ. മുതൽ 32/00 കി.മീ.)<br>6) വടശ്ശേരിക്കര ഫുട്ട് ബ്രിഡ്ജ്<br>7) എരുമേലി-കണമല (കരിങ്കല്ലുമുഴി-മുക്കൂട്ടുതറ- പമ്പാവാലി) റോഡ് |

| | |
|---|---|
| (സി) അവയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; | (സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ഡി) ശബരിമല റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർണ്ണമായും റോളിംഗ് ഹെവി മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണോ ചെയ്യുന്നത്; | (ഡി) അല്ല. |
| (ഇ) റോഡ് നിർമ്മാണവും 5 വർഷത്തെ അറ്റകുറ്റപ്പണികളും ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ നൽകുമോ? | (ഇ) ഹെവി മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് 5 വർഷത്തെ അറ്റകുറ്റപ്പണികൂടി നടത്തുമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തിയാണ് കരാർ നൽകുന്നത്. |

Ajay Mohan

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *615** 27.07.2010-ൽ മറുപടിയ്ക്ക്

**പിന്നോക്ക വിഭാഗങ്ങളുടെ നിയമനത്തിൽ ഉണ്ടായ ബാക്ക് ലോഗ് നികത്തുന്നതിന് നടപടി**

**ചോദ്യം** | **മറുപടി**

**ശ്രീ.യു.സി.രാമൻ**
**ശ്രീ.സി.ടി.അഹമ്മദ് അലി**
**ശ്രീ.പി.കെ.അബ്ദുറബ്ബ്**

**ശ്രീ.വി.എസ്.അച്യുതാനന്ദൻ**
**മുഖ്യമന്ത്രി**

(എ) നരേന്ദ്രൻ കമ്മീഷൻ പിന്നോക്ക വിഭാഗങ്ങളുടെ നിയമനത്തിൽ ബാക്ക്ലോഗ് ഉണ്ടെന്ന കണ്ടെത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ സമുദായത്തിനും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

(എ) ഉണ്ട്. ജസ്റ്റിസ് കെ.കെ.നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടു പ്രകാരം പിന്നോക്ക വിഭാഗങ്ങളുടെ നിയമനത്തിൽ ഉണ്ടായിട്ടുള്ള ബാക്ക്ലോഗ് ചുവടെ ചേർക്കുന്നു.

| വിഭാഗം | തസ്തികകളിൽ വന്ന കുറവ് |
|---|---|
| ഈഴവ | 5 |
| മുസ്ലീം | 7383 |
| ലാറ്റിൻ കാത്തലിക്/ ആംഗ്ലോ ഇന്ത്യൻ | 4370 |
| നാടാർ | 2614 |
| പരിവർത്തിത ക്രൈസ്തവർ | 2290 |
| വിശ്വകർമ്മ | 147 |
| ധീവര | 1256 |
| മറ്റു പിന്നോക്ക വിഭാഗം | 460 |
| **ആകെ** | **18525** |

(ബി) സച്ചാർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച പാലൊളിക്കമ്മിറ്റി ഇതു സംബന്ധമായി ശുപാർശകളെന്തെങ്കിലും നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഉണ്ട്. ശുപാർശകൾ അനുബന്ധമായി ചേർക്കുന്നു.

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബാക്ക്ലോഗ് നികത്തുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; അതുമുഖേന ബാക്ക്ലോഗ് എത്രത്തോളം പരിഹരിക്കുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ? | (സി) | ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 02.02.2006-ൽ പുറപ്പെടുവിച്ച സ.ഉ.(പി) നം.8/06/പജപവവിവ. പ്രകാരം സംവരണ സമുദായങ്ങൾക്ക് നിയമപരമായി ഉദ്യോഗങ്ങളിൽ ലഭിക്കേണ്ട സംവരണ ക്വാട്ട ഭാവിയിൽ നഷ്ടപ്പെടാതെ ലഭിക്കുമെന്ന് ഉറപ്പാക്കിയിട്ടുണ്ട്. പിന്നോക്ക സമുദായങ്ങൾക്ക് ഇതുവരെ ഉണ്ടായിട്ടുള്ള സംവരണക്കുറവുകൾ എപ്രകാരം പരിഹരിക്കാമെന്ന് വ്യവസ്ഥകളൊന്നുമില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കൊഴികെ മറ്റൊരു സംവരണ സമുദായത്തിനും ഉദ്യോഗ നിയമനത്തിലെ സംവരണക്കുറവ് നികത്താൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ നിലവിൽ നിയമമില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുസ്ലീങ്ങൾ ഉൾപ്പെടെയുള്ള ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സംവരണത്തിൽ ഉണ്ടായിട്ടുള്ള നഷ്ടം നികത്തപ്പെടണം എന്ന നിർദേശവും ആവശ്യവും പ്രസക്തമാണ്. അതുകൊണ്ട് പ്രശ്നപരിഹാരത്തിന് നടപടി ആവശ്യമാണ്. ഇക്കാര്യത്തിൽ സംസ്ഥാന പരിധിക്കപ്പുറമുള്ള നിയമതടസ്സങ്ങൾ കാണാതിരുന്നുകൂടാ. അതോടൊപ്പം ഒരുവിധ സംവരണ നഷ്ടവുമില്ല എന്ന വാദഗതിക്കും അർത്ഥമില്ല. സംവരണനഷ്ടം നികത്തുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വേണമെന്ന നിർദേശം, പരമാവധി സംവരണം വളരെ മുമ്പേ തന്നെ നടപ്പിലാക്കിയ കേരളത്തിൽ എങ്ങനെ പ്രാവർത്തികമാക്കാൻ കഴിയുമെന്ന പരിശോധന അനിവാര്യമാണ്. ഇതിനുള്ള പ്രായോഗികത എങ്ങനെ കണ്ടെത്താമെന്നതിനെക്കുറിച്ച് ബന്ധപ്പെട്ട എല്ലാവരുമായും ആശയവിനിമയവും ചർച്ചകളും നടത്തണമെന്ന് നിർദേശിക്കുന്നു. ഇതിനായി ഒരു ഉന്നതാധികാര കമ്മിറ്റി രൂപീകരിക്കേണ്ടതും ആറുമാസത്തിനകം കമ്മിറ്റി ശുപാർശകൾ സമർപ്പിക്കേണ്ടതുമാണ്. അതോടൊപ്പം സംവരണതത്വം പാലിക്കുന്നതിന് പി.എസ്.സി. അനുവർത്തിച്ചുവരുന്നതായ യൂണിറ്റ് സിസ്റ്റംമൂലം ചെറിയ തോതിലെങ്കിലുമുള്ള നഷ്ടം ചില ലിസ്റ്റുകളിലെങ്കിലും സംഭവിച്ചേക്കാനിടയുണ്ടെന്ന ആശങ്ക ഉദ്യോഗാർത്ഥികൾക്കുണ്ട്. പി.എസ്.സി. വഴിയുള്ള നിയമനങ്ങളിൽ മെറിറ്റ് ഉള്ളവരെ സംവരണ കാറ്റഗറിയിൽ നിയമനം നൽകി അതുവഴി പിന്നോക്ക സമുദായങ്ങൾക്ക് നിയമപരമായി അർഹതയുള്ള സംവരണം ലഭ്യമാകുന്നില്ല എന്ന പരാതി നിലനിൽക്കുന്നു. ഇതിന് പരിഹാരമായി ഓരോ ലിസ്റ്റിന്റേയും പകുതി മെറിറ്റായി കണക്കാക്കി അവരെ 1, 3, 5 തുടങ്ങിയ ഒറ്റ നമ്പറുകളിലുള്ള നിയമനസ്ഥാനം തീർച്ചപ്പെടുത്തി അതനുസരിച്ച് ഒറ്റ നമ്പറുകളിൽ മെറിറ്റിലും, ഇരട്ട നമ്പറുകളിൽ സംവരണത്തിലും നിയമനം നൽകേണ്ട

താണ്. ഈ രീതിയിലുള്ള നിയമനത്തിന് പിന്നോക്ക വിഭാഗത്തിൽ ഏതെങ്കിലും ഉദ്യോഗാർത്ഥിക്ക് സംവരണത്തിൽ നിയമനം നൽകിയിട്ടുണ്ടെങ്കിൽ അയാളുടെ മെറിറ്റ് സ്ഥാനം വരുമ്പോൾ അതേ ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട അടുത്ത റാങ്കുകാരനെ ആ സ്ഥാനത്ത് നിയമിക്കേണ്ടതാണ്. ഈ മാർഗ്ഗം തുടരുകയാണെങ്കിൽ KS & SSR 14 B നിർദ്ദേശം അന്ത:സ്സത്തയിൽ തന്നെ നടപ്പാക്കാൻ സാധിക്കും.

2. നരേന്ദ്രൻ കമ്മീഷൻ സൂചിപ്പിച്ച സംവരണ നഷ്ടം ശാശ്വതമായി പരിഹരിക്കുന്നതിന് മാർഗം കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ തുടരുമ്പോൾ തന്നെ നിയമനം നടക്കാത്തതുമൂലം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. ഇത് സർവ്വീസിനെ വളരെയധികം പ്രതികൂലമായി ബാധിക്കുന്നുണ്ട്. പ്രമോഷനുകൾ യഥാകാലം നടക്കുന്നതിന്റെ ഭാഗമായി എൻട്രി കേഡറുകളിലെ ഒഴിവും ഗണ്യമായി വർദ്ധിക്കുന്നു. എന്നാൽ പ്രത്യേക നിയമനം നടത്താൻ കഴിയുന്നില്ല. അതേസമയം നിയമനാധികാരികൾ പി.എസ്.സി. ക്ക് നിയമനത്തിന് റിപ്പോർട്ട് ചെയ്താൽ പിന്നെ താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിനും നിയന്ത്രണങ്ങൾ ഉണ്ട്. ഇത് പലപ്പോഴും ഭരണപരവും സേവന സംബന്ധവുമായ പ്രതിസന്ധികൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ഈ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് സംവരണനഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കണ്ടെത്തിയ കാറ്റഗറികളിൽ നഷ്ടപ്പെട്ട എണ്ണത്തിന്റെ പരിധി പാലിച്ചുകൊണ്ട് ഈ എണ്ണം ബന്ധപ്പെട്ട സമുദായങ്ങൾക്ക് നഷ്ടപ്പെട്ടുപോകാതിരിക്കുന്നതിനും സേവന പ്രതിസന്ധി ഇല്ലാതാക്കുന്നതിനും സർക്കാർ പ്രത്യേക അനുവാദം നൽകിക്കൊണ്ട് ബന്ധപ്പെട്ട സമുദായാംഗങ്ങളിൽ നിന്ന് താൽക്കാലികാടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം നടത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമന വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കേണ്ടതാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 616

27-07-2010 -ൽ മറുപടിയ്ക്ക്

## പെട്രോൾ പമ്പുകൾ പരിശോധിക്കാൻ സ്ക്വാഡുകൾ

ചോദ്യം

ശ്രീ. എ.എ.അസീസ് :

ഉത്തരം

ശ്രീ. സി.ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് പെട്രോൾ, ഡീസൽ എന്നിവയുടെ അളവിൽ പെട്രോൾ പമ്പുകളിൽ വ്യാപകമായി കൃത്രിമം നടക്കുന്നത് കണ്ടെത്താൻ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ ;

(എ) പെട്രോൾ, ഡീസൽ എന്നിവയുടെ അളവിൽ പെട്രോൾ പമ്പുകളിൽ കൃത്രിമം നടത്തുന്നത് കണ്ടെത്താൻ ലീഗൽ മെട്രോളജി ഉദ്യോഗസ്ഥരുടെ സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഒഴികെ മറ്റെല്ലാ ജില്ലകളിലും അസിസ്റ്റന്റ് കൺട്രോളർ മാരുടെ നേതൃത്വത്തിൽ 11 ഫ്ളയിംഗ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. മറ്റു ജില്ലകളിലെ അസിസ്റ്റന്റ് കൺട്രോളർമാരും പരിശോധന നടത്തുന്നുണ്ട്. ഈ സ്ക്വാഡുകൾ അവരുടെ അധികാര പരിധിയിൽ വരുന്ന പെട്രോൾ പമ്പുകൾ ഉൾപ്പെടെയുള്ള എല്ലാ വ്യാപാര സ്ഥാപനങ്ങളിലും തുടർച്ചയായി പരിശോധനകൾ നടത്തിവരുന്നു. കൂടാതെ വകുപ്പിലെ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും പുനഃപരിശോധനാ ജോലികൾ ഇല്ലാത്ത സമയത്ത് സംഘങ്ങളായി ചേർന്ന് മിന്നൽ പരിശോധനകളും നടത്തി വരുന്നു. കൂടാതെ താലൂക്ക് സപ്ളൈ ഓഫീസറുടെ നേതൃത്വത്തിൽ റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളിലെ

ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള സ്ക്വാഡുകളും മറ്റ് പരിശോധനകൾക്കൊപ്പം പെട്രോൾ പമ്പുകളിലും പരിശോധന നടത്താറുണ്ട്.

(ബി) ഇതു സംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കേസ്സുകൾ എടുത്തു ; എത്ര പെട്രോൾ പമ്പുകൾക്കെതിരെ നടപടി യെടുത്തുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2010 ജൂൺ മാസം വരെ 905 പെട്രോൾ പമ്പുകൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പരാതി ലഭിച്ചില്ലെങ്കിലും മാസത്തിലൊരിക്കൽ ഓരോ പെട്രോൾ പമ്പും സന്ദർശിക്കുന്ന തരത്തിൽ സ്ക്വാഡ് പ്രവർത്തനം വിപുലീകരിക്കു മോയെന്ന് വ്യക്തമാക്കുമോ ?

(സി) നിലവിലുള്ള പരിശോധനാ സംവിധാനം ഉപയോഗപ്പെടുത്തി എല്ലാ മാസവും പരമാവധി പെട്രോൾ പമ്പുകളിൽ പരിശോധനകൾ നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : **617** **27.07.2010** - ൽ മറുപടിക്ക്

ഭവനനിർമ്മാണ ബോർഡിൻെറ വിൽക്കാതെ കിടന്നിരുന്ന ഫ്ളാറ്റുകൾ വിൽക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി ജെ. അരുന്ധതി<br>ശ്രീ. കെ.കെ. ദിവാകരൻ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. സി.എം. ദിനേശ്മണി | | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭവനനിർമ്മാണ ബോർഡിൽ നിലവിലുണ്ടായിരുന്ന അലോട്ട്മെന്റ് വ്യവസ്ഥകൾ ഒഴിവാക്കി പൊതുലേലത്തിലൂടെ പ്ളോട്ടുകൾ വില്പന നടത്തുന്ന സമ്പ്രദായം ഏർപ്പെടുത്തിയതുമൂലം, ബോർഡിൻെറ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) എങ്കിൽ വ്യക്തമാക്കുമോ; | &<br>(ബി) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കാഞ്ഞിരപ്പള്ളി ഭവനനിർമ്മാണ പദ്ധതി സൈറ്റ്-2 (29 പ്ളോട്ടുകൾ), പാലാഭവനനിർമ്മാണ പദ്ധതി സൈറ്റ്-2 (25 പ്ളോട്ടുകൾ), പത്തനംതിട്ട ഭവനനിർമ്മാണ പദ്ധതി (2 പ്ളോട്ടുകൾ), തിരുവല്ല ഭവനനിർമ്മാണ പദ്ധതി ഘട്ടം 3 & 4 (3 പ്ളോട്ടുകൾ), തിരുവമ്പാടി ഭവനനിർമ്മാണ പദ്ധതി സൈറ്റ്-1 (2 പ്ളോട്ടുകൾ) തോട്ടട ഭവനനിർമ്മാണ പദ്ധതി (4 പ്ളോട്ടുകൾ) എന്നീ പദ്ധതികളിലെ പ്ളോട്ടുകളാണ് ഓരോ പ്രദേശത്തുമുള്ള മാർക്കറ്റ് റേറ്റിൻെറ അടിസ്ഥാനത്തിൽ തറ വില നിശ്ചയിച്ച് പൊതുലേലത്തിലൂടെ വിറ്റത്. ഇതിലൂടെ ഏകദേശം 2 1/2 കോടി രൂപയോളം ലാഭം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. |

| | |
|---|---|
| (സി) വിൽക്കാതെ കിടന്നിരുന്ന ഫ്ളാറ്റുകൾ വിൽക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കിയ പദ്ധതികളിൽ വില്ക്കാതെ കിടന്നിരുന്ന ഫ്ളാറ്റുകൾ പത്രദ്വാര വിപുലമായ പരസ്യം നൽകി വിൽക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപ്രകാരം ഫ്ളാറ്റുകളുടെ ലേല വില്പന നടന്നുവരുന്നു. |
| (ഡി) ബോർഡിന് 'എ' ക്ലാസ് കോൺട്രാക്ട് ലൈസൻസ് ലഭിച്ച ശേഷം എത്ര കോടി രൂപയുടെ ജോലി ലഭിച്ചു എന്ന് വ്യക്തമാക്കുമോ? | (ഡി) ബോർഡിന് 'എ' ക്ലാസ് കോൺട്രാക്ട് ലൈസൻസ് ലഭിച്ചത് 7.11.2006-ൽ ആണ്. അതിനു ശേഷം 690.42 ലക്ഷം രൂപയുടെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ കോൺട്രാക്റ്റ് വ്യവസ്ഥയിൽ എടുത്തിട്ടുണ്ട്. |

Sreedevi Kunji —

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 618 — 27-07-2010 -ൽ മറുപടിയ്ക്ക്

## റേഷൻ കടകൾ വഴി ഭക്ഷ്യ വസ്തുക്കൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് റേഷൻകടകൾ വഴി ഭക്ഷ്യവസ്തുക്കൾ സബ്സിഡി നൽകി കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള പുതിയ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് റേഷൻകടകൾ വഴി ഭക്ഷ്യധാന്യങ്ങൾ വളരെ വിലക്കുറവിൽ ജനങ്ങൾക്ക് ലഭിക്കാനായി ഒരു പദ്ധതി തയാറാക്കി അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി എത്രകോടി രൂപയുടെ പദ്ധതികളാണ് സർക്കാർ പുതുതായി തയ്യാറാക്കിയിട്ടുള്ളത്; | (ബി) ഇതിനായി 354 കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. |
| (സി) എന്തൊക്കെയിനം ഭക്ഷ്യ സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | (സി) മുളക്, മല്ലി, ചെറുപയർ, വൻപയർ, കടല, ഉഴുന്ന്, തുവരപരിപ്പ്, വടപരിപ്പ്, ജീരകം, കടുക്, ഉലുവ തുടങ്ങിയ ഭക്ഷ്യ സാധനങ്ങളാണ് റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) ഇത്തരം ഭക്ഷ്യസാധനങ്ങളുടെ മാർക്കറ്റ് വിലയുടെ എത്ര ശതമാനമാണ് സബ്സിഡിയായി നൽകാൻ ഉദ്ദേശിക്കുന്നത്; | (ഡി) മാർക്കറ്റ് വിലയുടെ 10% മാണ് സബ്സിഡി ഇനത്തിൽ നൽകാനുദ്ദേശിക്കുന്നത് |
| (ഇ) ഈ സബ്സിഡി തുകയുടെ എത്ര ശതമാനം കേന്ദ്ര സഹായമായി ലഭ്യമാക്കുമെന്നാണ് കരുതുന്നത്; | (ഇ) ഈ പദ്ധതി ചെലവിന്റെ 25% കേന്ദ്രം വഹിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

| | |
|---|---|
| (എഫ്) ഇതിനുള്ള സംസ്ഥാന വിഹിതമായി ഈ വർഷം എത്ര കോടി രൂപ നല്കുവാനാണ് ലക്ഷ്യമിടുന്നത്;<br>(ജി) ഈ തുക ബഡ്ജറ്റ് വിഹിതമായി ലഭ്യമല്ലെങ്കിൽ എങ്ങനെ സ്വരൂപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (എഫ്) & (ജി)<br>കേന്ദ്ര ഗവൺമെന്റിൽ നിന്നും ഈ പദ്ധതിയ്ക്ക് അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതാണ്. സ്റ്റേറ്റ് പ്ളാൻ സ്കീമിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**മിതകാല സാമ്പത്തിക പദ്ധതി**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.619** **27..07..2010-ലെ മറുപടിയ്ക്ക്**

ചോദ്യം ഉത്തരം

ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. തോമസ് ചാഴികാടൻ
ശ്രീ. ജോസഫ്. എം.പുതുശ്ശേരി.
ശ്രീ. പി. സി. ജോർജ്ജ്

ഡോ.റ്റി.എം.തോമസ് ഐസക്
ധനകാര്യ വകുപ്പ് മന്ത്രി

| ചോദ്യം | ഉത്തരം |
|---|---|
| (എ) മിതകാല സാമ്പത്തിക പദ്ധതി എന്താണ്; ഇത് എന്ന് നിലവിൽ വന്നു; വിശദാംശങ്ങൾ നൽകുമോ ? | സംസ്ഥാനത്തിന്റെ റവന്യൂ കമ്മി ക്രമാനുഗതമായി ഇല്ലാതാക്കണമെന്ന ഉദ്ദേശ്യത്തോടു കൂടി 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ട് പ്രാബല്യത്തിൽ വരുന്ന സാമ്പത്തിക വർഷം മുതലുള്ള അഞ്ചു വർഷ കാലയളവിലേക്ക് സർക്കാർ രൂപം നൽകിയ പദ്ധതിയെയാണ് മിതകാല സാമ്പത്തിക പദ്ധതി ( ധന സംബന്ധമായ മിതകാല പദ്ധതി) യെന്ന് പറയുന്നത്. ഇത് 1.3.2005- ൽ നിലവിൽ വന്നു.<br><br>ധനസംബന്ധമായ മിതകാല നയ സ്റ്റേറ്റുമെന്റിൽ സംസ്ഥാനത്തിന്റെ താഴെ പറയുന്ന ധനസംബന്ധമായ സൂചകങ്ങളുടെ 3 വർഷത്തേയ്ക്കുള്ള പരിവർത്തന ലക്ഷ്യങ്ങൾ ഉൾക്കൊള്ളിക്കണമെന്നും ടി ചട്ടങ്ങൾ അനുശാസിക്കുന്നു.<br>എ) റവന്യൂ കമ്മി - സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ ശതമാനക്കണക്കിൽ.<br>ബി) ധനകമ്മി - സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ ശതമാനക്കണക്കിൽ.<br>സി) ആകെ ഇരിപ്പു കടം - സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ ശതമാനക്കണക്കിൽ. |

| | |
|---|---|
| | കൂടാതെ ധനസംബന്ധമായ ടി സൂചകങ്ങൾക്കാധാരമായ ധാരണകളുടെ വകുപ്പു തിരിച്ചുള്ള മൂന്നു വർഷത്തെ പരിവർത്തന ലക്ഷ്യങ്ങൾ പ്രതിപാദിക്കുകയും റവന്യൂ വരവും റവന്യൂ ചെലവും തമ്മിലുള്ള സന്തുലനം, ഉത്പാദനക്ഷമമായ ആസ്തികൾ സൃഷ്ടിക്കുന്നതിന് പൊതു വിപണിയിൽ നിന്നുള്ള കടം വാങ്ങലുകൾ ഉൾപ്പെടെയുള്ള മൂലധന വരവിന്റെ ഉപയോഗം എന്നിവയെ വിലയിരുത്തുകയും വേണം. ഇപ്രകാരം തയ്യാറാക്കുന്ന ഒരു രേഖ സർക്കാർ ഓരോ സാമ്പത്തികവർഷവും വാർഷിക ബഡ്ജറ്റിനോടൊപ്പം നിയമസഭ മുമ്പാകെ വയ്ക്കണമെന്നും ടി ആക്ടും ചട്ടങ്ങളും നിഷ്ക്കർഷിക്കുന്നു. അതിൻ പ്രകാരം എല്ലാ വർഷവും വാർഷിക ബഡ്ജറ്റിനോടൊപ്പം Medium Term Fiscal Policy & Strategy Statement with Medium Term Fiscal Plan എന്ന രേഖയും നിയമസഭ മുമ്പാകെ സമർപ്പിക്കാറുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി യുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഉൾക്കൊണ്ടു കൊണ്ട് സർക്കാർ നടപ്പിലാക്കി വരുന്ന നിയന്ത്രണ ങ്ങൾ എന്തെല്ലാമാണ്; വ്യക്ത മാക്കുമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ടി പദ്ധതി യുടെ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനായി പ്രത്യേക സാമ്പത്തികനിയന്ത്രണങ്ങൾ ഒന്നും തന്നെ ഏർപ്പെടുത്തി യിട്ടില്ല, മറിച്ച് വിവിധ നടപടികളിലൂടെ നികുതി പിരിവ് ഊർജ്ജിതമാക്കി റവന്യൂ വരുമാനം വർദ്ധിപ്പിച്ചു കൊണ്ടാണ് ഈ ലക്ഷ്യങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. |
| (സി) മിതകാല സാമ്പത്തിക പദ്ധതിയുടെ ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ നടപ്പു സാമ്പത്തി കവർഷം കഴിയു മോയെന്ന് വ്യക്ത മാക്കുമോ ? | ധനസംബന്ധമായ മിതകാല നയ സ്റ്റേറ്റുമെന്റിലെ ലക്ഷ്യങ്ങൾ കാര്യക്ഷമമായ നികുതി പിരിവിലൂടെയും ഗുണപരമായ ചെലവ് ചെയ്യലിലൂടെയും സാക്ഷാത്ക്കരിക്കാൻ ശ്രമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 620 — 27.07.2010 -ൽ മറുപടിയ്ക്ക്

## ആദിവാസികൾക്ക് വനവിഭവങ്ങൾ വിപണനം നടത്തുന്നതിനും ന്യായവില ലഭ്യമാക്കുന്നതിനും സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ. ബിനോയ് വിശ്വം (വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ആദിവാസികൾ വനത്തിൽ നിന്നും ശേഖരിക്കുന്ന വനവിഭവങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിനും അവ ശേഖരിക്കുന്ന ആദിവാസികൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും വനം വകുപ്പ് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) വനസംരക്ഷണ സമിതികൾ, ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവയിലെ അംഗങ്ങൾക്ക് വനവിഭവങ്ങളുടെ ശാസ്ത്രീയമായ ശേഖരണം, സംഭരണം, സംസ്ക്കരണം മൂല്യവർദ്ധന എന്നിവയിൽ പരിശീലനം നൽകുന്നുണ്ട്. സംഭരണം, മൂല്യവർദ്ധന എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും, ഇപ്രകാരം തയ്യാറാക്കുന്ന ഗുണമേന്മയുള്ള വിഭവങ്ങൾക്ക് വനശ്രീ എന്ന ബ്രാൻഡു നൽകി വിറ്റഴിക്കുന്നതിന് ഇക്കോഷോപ്പുകൾ സ്ഥാപിക്കുകയും ചെയ്തു. ഓണം മേളകൾ, പ്രദർശനങ്ങൾ എന്നിവയോടനുബന്ധിച്ച് വനശ്രീ സ്റ്റാളുകൾ തുറന്ന് വനവിഭവങ്ങൾ വിപണനം നടത്തുന്നുണ്ട്. |
| (ബി) വനവിഭവ ശേഖരണത്തിലേർപ്പെടുന്ന ആദിവാസികളെ വേട്ടക്കാരും കഞ്ചാവ് കൃഷിക്കാരും ഭീഷണിപ്പെടുത്തുകയും പീഡിപ്പിക്കുകയും ചെയ്യുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. എങ്കിൽ അവർക്ക് സംരക്ഷണം നൽകാൻ വനംവകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (ബി) ഇത്തരത്തിലുള്ള ചില പരാതികൾ ഉണ്ട്. ആദിവാസികൾക്ക് സംരക്ഷണം നൽകുന്നതിനു കൂടിയാണ് വന സംരക്ഷണ സമിതികളും ഇക്കോഡെവലപ്പ്മെന്റു കമ്മിറ്റികളും രൂപീകരിച്ചത്. കഞ്ചാവു കൃഷി, വന്യമൃഗവേട്ട തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയാൻ വനം വകുപ്പ് ശക്തമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 621 — 27.07.2010 -ൽ മറുപടിയ്ക്ക്

## ദേശീയ വന നയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പാക്കുന്ന വനവൽക്കരണ പദ്ധതികൾ

| *ചോദ്യം* | *ഉത്തരം* |
|---|---|
| **ശ്രീ.സി.എച്ച്.കുഞ്ഞമ്പു**<br>**ശ്രീ.വി.ചെന്താമരാക്ഷൻ**<br>**ശ്രീ.രാജു എബ്രഹാം**<br>**ശ്രീമതി.കെ.എസ്.സലീഖ** | ശ്രീ. ബിനോയ് വിശ്വം (വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ദേശീയ വനനയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പാക്കുന്ന വന വൽക്കരണ പരിപാടികളുടെ വിശദാംശം നൽകുമോ ; | (എ) | ദേശീയ വനനയം അനുസരിച്ച് പ്രക്ഷീണ വനങ്ങളെ പരിപോഷിപ്പിക്കുന്നതിന് 100% കേന്ദ്ര ധനസഹായത്തോടെയുള്ള പദ്ധതിയായ ദേശീയ വനവൽക്കരണ പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വന സംരക്ഷണസമിതികൾ, ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ ഡിവിഷൻതല കൂട്ടായ്മയായ വനവികസന ഏജൻസി വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br>സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി സോഷ്യൽ ഫോറസ്ട്രി വിഭാഗം 2007-2008 മുതൽ എന്റെ മരം, വഴിയോരത്തണൽ, ഹരിത തീരം എന്നീ പദ്ധതികളും 2008-09 മുതൽ നമ്മുടെ മരം പദ്ധതിയും 2009-2010 മുതൽ ഹരിത കേരളം പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ എത്ര വനം-ഡിവിഷനുകളിൽ ഇതിനായി നടപടി സ്വീകരിച്ചിട്ടുണ്ട് ; | (ബി) | വനം ഡിവിഷൻ തലത്തിൽ രൂപീകരിച്ചിട്ടുള്ള 27 വന വികസന ഏജൻസികൾ വഴി ദേശീയ വനവൽക്കരണ പദ്ധതി നടപ്പിലാക്കിവരുന്നു.<br>സോഷ്യൽ ഫോറസ്ട്രിയുടെ കീഴിൽ ജില്ലാ അടിസ്ഥാനത്തിലുള്ള 14 ഡിവിഷനുകളിൽ ഇതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) | ശുഷ്ക്ക വനങ്ങൾ പരിപോഷിപ്പിക്കുന്നതിനുള്ള കേന്ദ്ര പദ്ധതി പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | സി) | ശുഷ്ക്ക വനങ്ങൾ പരിപോഷിപ്പിക്കുന്നതിന് പത്താം പഞ്ചവൽസരപദ്ധതി മുതൽ കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന ദേശീയ വനവൽക്കരണ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സംയോജിത വന വികസനവും ഗ്രാമീണ തൊഴിലവസരസൃഷ്ടിയും സംബന്ധിച്ച പ്രവർത്തനങ്ങൾ ഒറ്റ പരിപാടിയായി കൂട്ടിയിണക്കുക എന്നീ ലക്ഷ്യത്തോടുകൂടി നടപ്പിലാക്കുന്ന ടി പദ്ധതിയിൽ ഇതുവരെ 4029.76 ലക്ഷം രൂപ ചിലവിൽ 28622.21 ഹെക്ടർ പ്രദേശത്ത് പ്രക്ഷീണ വനങ്ങളിൽ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത പരിപാടികളിലൂടെ വനമേഖലയിൽ എത്ര തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട് . | ഡി) | പങ്കാളിത്ത വനപരിപാലനം വഴി നടപ്പാക്കുന്ന ദേശീയ വനവൽക്കരണ പരിപാടിയിൻകീഴിൽ സംസ്ഥാനത്ത് വനമേഖലയിൽ ഇതുവരെ 27 ലക്ഷത്തോളം തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| ഇ) | പങ്കാളിത്ത വന പരിപാലന പ്രവർത്തനങ്ങളിൽ ആദിവാസികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | ഇ) | സംസ്ഥാനത്ത് നിലവിലുള്ള 407 വന സംരക്ഷണ സമിതികളിൽ 68 വനസംരക്ഷണ സമിതികൾ ആദിവാസികൾക്കായി മാത്രമുള്ളവയാണ്. വന്യജീവ സങ്കേതങ്ങളിൽ പ്രവർത്തിക്കുന്ന 198 ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികളിൽ ഭൂരിഭാഗവും ആദിവാസി കുടുംബങ്ങളാണ്. പങ്കാളിത്ത വനപരിപാലനത്തിലൂടെ നടപ്പാക്കുന്ന ഇക്കോ ടൂറിസം പദ്ധതികളിൽ ഗൈഡുകളായി നിയോഗിച്ചിട്ടുള്ളവയിൽ ഭൂരിഭാഗവും ആദിവാസികളാണ്. |

സെക്ഷൻ ഓഫീസർ

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 622 | 27.7.2010-ൽ മറുപടിയ്ക്ക്

## സപ്ലൈകോയുടെ പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബാബു ;<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ;<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ;<br>ശ്രീ. വർക്കല കഹാർ ; | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ സപ്ലൈകോയുടെ വിപണി വിഹിതം ഇപ്പോൾ എത്ര ശതമാനമാണ് എന്നാണ് കണക്കാക്കിയിരിക്കുന്നത് ; | എ) സപ്ലൈകോയുടെ വിപണി വിഹിതം ഏകദേശം 33% ശതമാനം ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. |
| ബി) കഴിഞ്ഞ വർഷത്തെക്കാൾ സപ്ലൈകോയുടെ വിപണി വിഹിതത്തിൽ എത്ര ശതമാനം വർദ്ധനവുണ്ടായി ; | ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഏകദേശം 3 ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടിട്ടുള്ളത്. |
| സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും ഈ രംഗത്തുണ്ടായ വർദ്ധനവ് എത്രയാണെന്നുള്ള വിശദവിവരം ലഭ്യമാക്കുമോ ; | സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2005-06 ൽ ഏകദേശം 16 ശതമാനമായിരുന്നു വിപണി വിഹിതം. മറ്റു വർഷങ്ങളിലെ വിപണിവിഹിതത്തിന്റെ വിവരം ചുവടെ ചേർക്കുന്നു. |

| വർഷം | വിപണി വിഹിതം |
|---|---|
| 2005-06 | ഏകദേശം 16 % |
| 2006-07 | ഏകദേശം 18 % |
| 2007-08 | ഏകദേശം 24 % |
| 2008-09 | ഏകദേശം 30 % |
| 2009-10 | ഏകദേശം 33 % |

സപ്ലൈകോ നടപ്പിലാക്കിയ ധനകാര്യ സ്റ്റോക്ക് മാനേജ്മെന്റ് സംവിധാനം വഴിയും നവീകരിച്ച വിലനിർണ്ണയ രീതി, അഴിമതിരഹിത പ്രവർത്തനാന്തരീക്ഷം, കൂടുതൽ ചില്ലറ വിൽപനശാലകളുടെ ആരംഭിക്കൽ എന്നീ നടപടികളിലൂടെ വിപണി വിഹിതം വർഷം തോറും വർദ്ധിക്കുകയും ഇപ്പോൾ ഏകദേശം 33 ശതമാനമായിത്തീരുകയും ചെയ്തു.

സംസ്ഥാനത്തെ രൂക്ഷമായ വിലക്കയറ്റം തടയാൻ സപ്ലൈകോയുടെ കമ്പോള ഇടപെടലിന് കഴിയാത്ത സാഹചര്യത്തിൽ മറ്റെന്തൊക്കെ പുതിയ പദ്ധതികൾ സപ്ലൈകോ വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ;

ഡി) സംസ്ഥാനത്തെ വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം സപ്ലൈകോയുടെ നേതൃത്വത്തിൽ വമ്പിച്ച വിജയമാണ് കൈവരിച്ചത്. പാർലമെന്റിനകത്തും പുറത്തും ബഹു.കേന്ദ്ര ഭക്ഷ്യ വകുപ്പ് മന്ത്രിയുൾപ്പെടെ ഇത് പ്രകീർത്തിക്കുകയും മറ്റ് സംസ്ഥാനങ്ങൾ മാതൃകയാക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. സുപ്രീം കോടതി നിയമിച്ചിട്ടുള്ള വിജിലൻസ് കമ്മിറ്റിയും പൊതുവിതരണ സമ്പ്രദായത്തെപ്പറ്റി പഠനം നടത്താൻ രൂപീകരിച്ച ജസ്റ്റിസ് വാധ്വാ കമ്മീഷനും സപ്ലൈകോ ഉൾപ്പെടുന്ന കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തെ പ്രശംസിക്കുകയും മറ്റു സംസ്ഥാനങ്ങൾക്ക് അനുകരണീയമാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ലേബർ ബ്യൂറോ ഓഫ് ഇൻഡ്യ നടത്തുന്ന സർവ്വെ അനുസരിച്ച് ഉപഭോക്തൃ വില സൂചിക ഏറ്റവും കുറവുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. സപ്ലൈകോ ഇപ്പോൾ നടത്തി വരുന്ന കമ്പോള ഇടപെടൽ വിലക്കയറ്റത്തിന്റെ രൂക്ഷത തടയുന്നതിന് ഫലപ്രദമാണെന്ന് തെളിഞ്ഞിരിക്കുന്നതിനാൽ നിലവിലുള്ള പദ്ധതികൾ ഊർജ്ജിതമാക്കാനും കൂടുതൽ വിൽപ്പന ശാലകൾ ആരംഭിക്കുവാനും നിലവിലെ വിൽപ്പനശാലകളിൽ കൂടുതൽ സൗകര്യങ്ങളും മറ്റും ഏർപ്പെടുത്തി വിപുലീകരിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

ഇ) സംസ്ഥാനത്ത് എവിടെയൊക്കെയാണ് അപ്നാ ബസാർ എന്ന വിൽപ്പനശാലകൾ പ്രവർത്തിക്കുന്നത് ;

ഇ) കോഴിക്കോട് ജില്ലാ കളക്ടറേറ്റിലാണ് ഇപ്പോൾ അപ്നാ ബസാർ പ്രവർത്തിച്ചു വരുന്നത്.

എഫ്) ഇത്തരം വിൽപ്പനശാലകൾ ഇനിയും എവിടെയൊക്കെ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; വിശദവിവരം നൽകുമോ ?

എഫ്) മറ്റ് ജില്ലാ കളക്ടറേറ്റുകളിലും ഇത്തരത്തിൽ അപ്നാ ബസാറുകൾ ആരംഭിക്കുന്നതിനുള്ളനടപടികൾ ആസൂത്രണം ചെയ്തു വരുന്നു. അനുയോജ്യമായ കെട്ടിടവും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് എല്ലാ ജില്ലാ ഭരണാധികാരികളോടും ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

12 -ാം കേരള നിയമസഭ

15 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 623 27/07/2010-ലെ മറുപടിയ്ക്ക്**

**എട്ടാം ശമ്പള കമ്മീഷന്റെ ആനുകൂല്യങ്ങൾ ലഭിക്കാത്തവർക്ക് പുതിയ പാക്കേജ്**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. തോമസ് ചാഴിക്കാടൻ<br>ശ്രീ. പി.സി ജോർജ്ജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ഡോ. റ്റി.എം. തോമസ് ഐസക്<br>ധനകാര്യ വകുപ്പു മന്ത്രി |
| (എ) | സംസ്ഥാനത്ത് 01.03.2002 നും 30.06.2004 നും ഇടയിൽ വിരമിച്ച സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും എട്ടാം ശമ്പള കമ്മീഷന്റെ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ഉണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് ഏതെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | ലഭിച്ചിട്ടുണ്ട്. അഞ്ച് വർഷത്തിലൊരിക്കൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കണമെന്ന തത്വമനുസരിച്ച്, 8_ാം ശമ്പള പരിഷ്ക്കരണ ത്തിന്റെ ആനുകൂല്യങ്ങൾ 01.03.2002 മുതൽ നടപ്പിലാക്കിയിരുന്നുവെങ്കിൽ, ഈ കാലയളവിൽ വിരമിച്ചവർക്കും ശമ്പള പരിഷ്ക്കരണത്തിന്റെ ആനുകൂല്യം ലഭിക്കുമായിരുന്നുവെന്നും, ആയതിനാൽ അവർക്കുകൂടി ശമ്പള പരിഷ്ക്കരണത്തിന്റെ ആനുകൂല്യം നൽകി പെൻഷൻ പുന: ക്രമീകരിക്കണമെന്നുള്ളതുമാണ് പ്രധാന ആവശ്യം. |
| (സി.) | പ്രസ്തുത കാലയളവിൽ വിരമിച്ചവർക്ക് നഷ്ടം നികത്താൻ പര്യാപ്തമായവിധ ത്തിൽ ഒരു പാക്കേജിന് രൂപം നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാ ക്കുമോ; | പരിശോധിച്ചുവരികയാണ് |
| (ഡി) | മേൽ കാലയളവിൽ വിരമിച്ച സർക്കാർ ജീവനക്കാരുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്? | |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.624** **27.07.2010 ൽ മറുപടിക്ക്**

**ആഗോള സാമ്പത്തിക മാന്ദ്യം**

| ചോദ്യം | ഉത്തരം |
|---|---|
| *ശ്രീ. പി. കൃഷ്ണപ്രസാദ്*<br>*ശ്രീ. ബാബു. എം. പാലിശ്ശേരി*<br>*ശ്രീ. കെ.വി. കുഞ്ഞിരാമൻ*<br>*ശ്രീ. മഞ്ഞളാംകുഴി അലി* | ഡോ.റ്റി.എം.തോമസ് ഐസക്<br>ധനകാര്യ മന്ത്രി |

| | | |
|---|---|---|
| (എ) | ആഗോള സാമ്പത്തിക മാന്ദ്യം കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ എത്ര മാത്രം ദോഷകരമായി ബാധിച്ചു എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനം, പ്രതിശീർഷ വരുമാനം എന്നിവയുടെ വളർച്ചാനിരക്ക് 2006-07 സാമ്പത്തികവർഷത്തെ അപേക്ഷിച്ച് 2008-09, 2009-10 കാലഘട്ടത്തിൽ കുറഞ്ഞിട്ടുണ്ട്. ആഗോള സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ എത്ര മാത്രം ദോഷകരമായി ബാധിച്ചു എന്നതിനെക്കുറിച്ച് 2009-10 സാമ്പത്തിക വർഷത്തെ അന്തിമ കണക്കുകൾ ലഭ്യമായശേഷം മാത്രമേ പരിശോധിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | കയറ്റുമതി രംഗത്ത് ഏതെല്ലാം മേഖലകളിലാണ് കുറവുണ്ടായത്; | ഡയറക്ടറേറ്റ് ജനറൽ ഓഫ് കോമേഴ്സ്യൽ ഇന്റലിജൻസ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് പുറത്തിറക്കിയ കണക്കുപ്രകാരം 2009 ഏപ്രിൽ മുതൽ 2010 ജനുവരി വരെയുള്ള കാലയളവിൽ മുൻവർഷത്തെ അപേക്ഷിച്ച് തേയില, കാപ്പി, സുഗന്ധ വ്യഞ്ജനങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവയുടെ കയറ്റുമതിയിൽ കുറവുണ്ടായിട്ടുണ്ട്. |
| (സി) | ടൂറിസം ഐ.ടി മേഖലകളെ സാമ്പത്തിക മാന്ദ്യം എത്ര മാത്രം ദോഷകരമായി ബാധിച്ചു; | വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് മുൻകാലങ്ങളെ അപേക്ഷിച്ച് മാന്ദ്യത്തിനു ശേഷമുള്ള സീസണുകളിൽ അനുഭവപ്പെട്ടിട്ടുണ്ട്. ഐ.ടി മേഖലയിൽ തൊഴിൽ ലഭ്യതയ്ക്ക് കുറവുണ്ടായത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ഡി) | ജോലി നഷ്ടപ്പെട്ട എത്ര പേരാണ് വിദേശത്തുനിന്നും തിരിച്ചെത്തിയതെന്ന് കണക്കാക്കിയിട്ടുണ്ടോ? | മാന്ദ്യകാലയളവിൽ വിവിധ കാരണങ്ങളാൽ . 37000-നും 63000-നും ഇടയ്ക്ക് പ്രവാസി കേരളീയർ മടങ്ങിയെത്തിയതായി സി.ഡി.എസിന്റെ ഒരു പഠനത്തിൽ കണക്കാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| (ഇ) | സാമ്പത്തിക മാന്ദ്യം നേരിടുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | സാമൂഹ്യ സുരക്ഷിതത്വ നടപടികളുടെ ഭാഗമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും രണ്ടു രൂപയ്ക്ക് റേഷൻ അരി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. പട്ടിക വിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ, ആശ്രയസ്കീമിലെ കുടുംബങ്ങൾ **അസംഘടിത മേഖലയിലെ തൊഴിലാളികൾ** എന്നിവരിൽപ്പെട്ട ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവർക്കും രണ്ട് രൂപയ്ക്ക് റേഷൻ അരി ലഭ്യമാക്കുന്നുണ്ട്. മാവേലി സ്റ്റോറുകൾ വഴി 14 രൂപയ്ക്ക് യഥേഷ്ടം അരി വിതരണം ചെയ്യുന്നു. തകർച്ചയുടെ പശ്ചാത്തലത്തിൽ വിവിധ സാമൂഹ്യക്ഷേമ പെൻഷനുകളുടെ തുക 300 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ദീർഘനാളായി കുടിശ്ശികയായി നിൽക്കുന്ന ദുർബല വിഭാഗങ്ങൾക്കുള്ള ഭവന വായ്പകൾ എഴുതിത്തള്ളി അവരുടെ പ്രമാണങ്ങൾ തിരിച്ചു നൽകാനുള്ള നടപടി സ്വീകരിച്ചു. പെയ്ഡ് അപ് ക്യാപിറ്റൽ 30 കോടി രൂപ വരെയുള്ള വ്യവസായ സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുന്നതിന് കെ.എഫ്.സി.ക്ക് അനുമതി നൽകിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നേരത്തേ ഈ പരിധി 10 കോടി രൂപയായിരുന്നു. പരിധി 30 കോടി രൂപയായി ഉയർത്തിയത് കാരണം കൂടുതൽ വ്യവസായ സംരംഭകർക്ക് വായ്പ സൗകര്യം ലഭ്യമാകുന്നതാണ്. കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റിനു വേണ്ടിയുള്ള ഭൂമിയേറ്റെടുക്കലിന് 95.22 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചു കഴിഞ്ഞു. **മാന്ദ്യവിരുദ്ധ പാക്കേജിൽ പ്രഖ്യാപിച്ച അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് 3000-ത്തിൽപ്പരം കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട് എന്ന് പൊതുമരാമത്തുവകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട്.. ഇതിൽ വിവിധ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 860.29 കോടി രൂപയുടേയും റോഡുകളുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് 1770 കോടി രൂപയുടേയും കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 469.44 കോടി രൂപയുടേയും** |

| | | |
|---|---|---|
| | | പ്രവർത്തികൾ ഉൾപ്പെടുന്നു. വിവിധ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിനും നവീകരണത്തിനും 478.61 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വിവിധ കനാലുകളുടേയും റഗുലേറ്റർ-കം-ബ്രിഡ്ജുകളുടേയും നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾക്കായി 519.44 കോടി രൂപയുടെ ഭരണാനുമതിയും പുറപ്പെടുവിച്ചിട്ടുണ്ട്. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നവീകരണത്തിനായി 103.98 കോടി രൂപയുടെ ഭരണാനുമതി നൽകി പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| (എഫ്) | അതിന്റെ ഫലമായി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ? | മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി ആരംഭിച്ച വിവിധ പ്രവർത്തികളും പ്രോജക്ടുകളും ആരംഭ ദിശയിലാണ്. ഇവയുടെ നടത്തിപ്പിലൂടെ സംസ്ഥാനത്തിലെ തൊഴിൽ ലഭ്യതയും വരുമാനവും വർദ്ധിക്കും. പൊതുവിപണിയിലെ ഇടപെടലിനായി സ്വീകരിച്ച നടപടികളിലൂടെ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിനെ ഒരളവുവരെ പ്രതിരോധിക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 625 — 27.07.2010 -ൽ മറുപടിയ്ക്ക്

**സാമൂഹ്യ വനവൽക്കരണ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ. എം.ചന്ദ്രൻ<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീ.കെ.സി.രാജഗോപാലൻ | ശ്രീ. ബിനോയ് വിശ്വം (വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്നതിനായി, വനം വകുപ്പ് നടത്തുന്ന നഴ്സറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കുമോ ; | (എ) വനം വകുപ്പ് നടത്തുന്ന നഴ്സറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സെൻട്രൽ നഴ്സറികളിൽ ജൈവവളവും ജനിതകമായി മെച്ചപ്പെട്ട വിത്തുകളും മറ്റ് ആധുനിക ശാസ്ത്രീയ ടെക്നോളജിയും ഉപയോഗിച്ച് മെച്ചപ്പെട്ട തൈകൾ ഉണ്ടാക്കിവരുന്നു. കൂടാതെ മിസ്റ്റ് ചേമ്പർ, ക്ളോണൽ മൾട്ടിപ്ലിക്കേഷനുവേണ്ടിയുളള സ്ഥലങ്ങൾ, റൂട്ട് ട്രൈനർ ബ്ലോക്കുകൾ, തണൽ ഗൃഹങ്ങൾ (ഷേഡ് ഹൗസ്) തൈകളുടെ ഹാർഡനിംഗ് സ്ഥലങ്ങൾ എന്നിവകളും മെച്ചപ്പെട്ട തൈകളുടെ ഉൽപ്പാദനത്തിനായി ഉപയോഗിക്കപ്പെടു ന്നു. മേൽ പറഞ്ഞവയിൽ നിന്നും നേടുന്ന പരിചയം വച്ച്കൊണ്ട് മറ്റ് നഴ്സറികളിലും വൻതോതിൽ ഗുണനിലവാരമുളള തൈകൾ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്നതിന് സാദ്ധ്യമാകുന്നു. |
| (ബി) വനം വകുപ്പ് ആവിഷ്ക്കരിച്ചിട്ടുളള സമൂഹ്യ വനവൽക്കരണപദ്ധതികൾക്കായി എത്ര വൃക്ഷത്തൈകൾ നഴ്സറികളിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട് ; | (ബി) 2007-08 മുതൽ 2010 ജൂലൈ 15 വരെ വനം വകുപ്പ് ആവിഷ്ക്കരിച്ചിട്ടുളള സാമൂഹ്യ വനവൽക്കരണ പദ്ധതികൾക്കായി 148.97 ലക്ഷം വൃക്ഷത്തൈകൾ നഴ്സറികളിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. |
| സി) വൃക്ഷത്തൈകളുടെ ഗുണമേന്മ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; | സി) ചോദ്യം (എ) യിൽ വിശദീകരിച്ച മാതിരി തൈകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ട നടപടികൾ എടുത്തു കഴിഞ്ഞു. കൂടാതെ ആധുനിക ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തൈകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) നാഷണൽ ബാംബൂമിഷനു കീഴിലുളള വിവിധ പദ്ധതികളിൽ നട്ടുപിടിപ്പിക്കുന്നതിനായി മുളംതൈകളുടെ ഒരു ടിഷ്യൂ കൾച്ചർ നേഴ്സറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ? | ഡി) നാഷണൽ ബാംബൂമിഷനു കീഴിൽ വിവിധ പദ്ധതികളിൽ നട്ടുപിടിപ്പിക്കുന്നതിനായി മുളം തൈകളുടെ ടിഷ്യൂ കൾച്ചർ നേഴ്സറി സ്ഥാപിക്കുന്നതിന് വനം വകുപ്പിൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ –626 27.07.2010 ൽ മറുപടിക്ക്**

## ഗ്രാമീണ റോഡുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ടി.പി കുഞ്ഞുണ്ണി<br>" കെ. കുഞ്ഞിരാമൻ;<br>" എ. പ്രദീപ് കുമാർ<br>" വി.ജെ തങ്കപ്പൻ | ഡോ. റ്റി. എം. തോമസ് ഐസക്ക്<br>(ധനകാര്യ-മരാമത്ത് വകുപ്പു മന്ത്രി) |
| (എ) ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്നതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ; | (എ) ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്നതു സംബന്ധിച്ച മാനദണ്ഡം 22-1-1971-ലെ സ.ഉ (എം.എസ്) 18/71/ പൊ മ;വ., 10-8-1971-ലെ സ.ഉ (എം.എസ്) 320/71/പൊ.മ.വ എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) പൊതുമരാമത്ത് വകുപ്പ് വിവിധ ഘട്ടങ്ങളിലായി പ്രവൃത്തി നടപ്പാക്കിയിട്ടുള്ളതും പിന്നീട് ആരുടെയും ചുമതലയിൽ വരാത്തതുമായ റോഡുകൾ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br>(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കിലോമീറ്റർ റോഡ് പി. ഡബ്ല്യൂ.ഡി ഏറ്റെടുത്തിട്ടുണ്ട്; | (ബി) & (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമരാമത്ത് വകുപ്പിന്റെ കൈവശമല്ലാത്തതും ഉടമസ്ഥാവകാശ തർക്കം മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വികസനപ്രവർത്തനം നടത്താൻ കഴിയാതെ വന്നതുമായ പൊതു പ്രാധാന്യമുള്ള 7385 കി.മീ റോഡുകൾ മേജർ ഡിസ്ട്രിക്ട് റോഡുകളുടെ പട്ടികയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിൽ നിലനിർത്തി 5-4-10-ലെ SRO No. 348/10 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ലിസ്റ്റ് റിവ്യൂ ചെയ്തു വരികയാണ്. |

| | |
|---|---|
| (ഡി) യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതും പ്രധാന റോഡുകളുമായി ബന്ധിപ്പിക്കുന്നതുമായ റോഡുകൾ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) പൊതുപ്രാധാന്യമുള്ളതും ജില്ലാപഞ്ചായത്തുകൾ അറ്റകുറ്റപ്പണികൾ നടത്താത്തതുമായ .ഒ.ഡി.ആർ-കൾ പി.ഡബ്ല്യൂ.ഡി.നേരിട്ട് അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള പരിപാടി ആവിഷ്ക്കരിച്ചു കൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 627** **27.07.2010 ലെ മറുപടിക്ക്**

### ഇ - ഫയലിംഗ് സംവിധാനം

**ചോദ്യം**

ശ്രീ. എൻ.ശക്തൻ :
ശ്രീ.വർക്കല കഹാർ :
ശ്രീ.എം.മുരളി :
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി :

**ഉത്തരം**

ഡോ.റ്റി.എം.തോമസ് ഐസക്
(ധനകാര്യ വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് മുൻകൂർ നികുതി ഇ-ഫയൽ ചെയ്യുന്നതിനും കേന്ദ്ര വിൽപന നികുതി വിനിമയ പ്രകാരമുള്ള വിവിധ ഫോറങ്ങൾ ഡൗൺലോഡ് ചെയ്യുന്നതിനും എന്തൊക്കെ സേവനങ്ങളാണ് ഇപ്പോൾ ലഭ്യമാക്കിയിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(എ) ഇ-ഫയലിംഗ് സംവിധാനം ലളിതവും സുതാര്യവുമാണ്. നികുതി വെട്ടിപ്പ് സാധ്യതയുള്ള സാധനങ്ങൾ സംസ്ഥാനത്തിന് പുറത്തു നിന്ന് സംസ്ഥാനത്തിനകത്തേയ്ക്ക് വരുമ്പോൾ മുൻകൂർ നികുതി അടയ്ക്കേണ്ടതാണ്. ഡീലർക്ക്, സ്വമേധയാ കെ.വി.എ.റ്റി.ഐ.എസ്. - ൽ ഓൺലൈൻ വഴി രേഖപ്പെടുത്തി, കൊടുക്കേണ്ട മുൻകൂർ നികുതി ഇ-പേയ്മെന്റ് മുഖേന നൽകാനുള്ള അവസരമുണ്ട്.

കേന്ദ്ര വിൽപന നികുതി നിയമപ്രകാരമുള്ള സി, ഇ, എഫ്, എച്ച് എന്നീ ഫോമുകൾ ഓൺലൈൻ വഴി ഡൗൺലോഡ് ചെയ്യാനുള്ള സൗകര്യം ലഭ്യമാണ്. സ്റ്റാറ്റ്യൂട്ടറി ഫോം ഡൗൺലോഡ് ചെയ്യുമ്പോൾ രേഖപ്പെടുത്തേണ്ട ഇൻവോയ്സ് വിവരങ്ങൾ റിട്ടേൺ ഫയൽ ചെയ്യുമ്പോൾ അപ്ലോഡ് ചെയ്ത ഇൻവോയ്സിൽ നിന്നു മാത്രമേ തെരഞ്ഞെടുക്കാൻ സാധിക്കൂ. തന്മൂലം വ്യാപാരി ഡിക്ലയർ ചെയ്ത ക്രയ വിക്രയങ്ങൾക്ക് മാത്രമേ ഫോം ഡൗൺലോഡ് ചെയ്യാൻ സാധിക്കൂ.

(ബി) സംസ്ഥാനത്തെ ഏതെല്ലാം ചെക്ക് പോസ്റ്റുകളിൽ ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് അറിയിക്കുമോ ;

(ബി) ചെക്ക് പോസ്റ്റുകളിൽ ഇ - ഫയലിംഗ് എന്നത് Goods നെപ്പറ്റിയുള്ളതാണ്. ആയത് ഇ-കൺസൈൻമെന്റ് ആയാണ് ചെയ്യുന്നത്. ഇ-കൺസൈൻമെന്റ് ഡിക്ലറേഷൻ എവിടെ നിന്ന് എപ്പോൾ വേണമെങ്കിലും

| | | | |
|---|---|---|---|
| | | | ഫയൽ ചെയ്യാവുന്നതാണ്. 14 ചെക്ക് പോസ്റ്റുകളിൽ ഈ സംവിധാനം ലഭ്യമാണ്.<br>1.അമരവിള (തിരുവനന്തപുരം)<br>2. ആര്യങ്കാവ് (കൊല്ലം)<br>3. കുമിളി (ഇടുക്കി)<br>4. മീനാക്ഷിപുരം (പാലക്കാട്)<br>5. ഗോപാലപുരം (പാലക്കാട്)<br>6. ഗോവിന്ദപുരം (പാലക്കാട്)<br>7. വാളയാർ (പാലക്കാട്)<br>8. നടുപ്പുണ്ണി (പാലക്കാട്)<br>9.വേലന്താവളം (പാലക്കാട്)<br>10. വഴിക്കടവ് (മലപ്പുറം)<br>11. ഫറൂക്ക് (കോഴിക്കോട്)<br>12. മഞ്ചേശ്വരം (മലപ്പുറം)<br>13. മുത്തങ്ങ (വയനാട്) |
| (സി) | ഈ വർഷം എല്ലാ ചെക്ക് പോസ്റ്റുകളിലും ഈ സംവിധാനം നടപ്പിലാക്കുമോ ? | (സി) | മറ്റു ചെക്ക്പോസ്റ്റുകളിൽ Trial basis ൽ ഇ-ഡിക്ലറേഷൻ സംവിധാനം നടപ്പിലാക്കാനുള്ള തീരുമാനം പരിഗണനയിലാണ്. |
| (ഡി) | സംസ്ഥാനത്തെ വ്യാപാരികൾക്ക് ലഭ്യമാക്കുന്ന ഈ സേവനങ്ങളുടെ ഭാഗമായി ഓൺലൈൻ വഴി രജിസ്ട്രേഷൻ പുതുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; സംസ്ഥാനത്തുടനീളമുള്ള എല്ലാ വ്യാപാരികൾക്കും ഇപ്പോൾ ഈ സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ ? | (ഡി) | സ്വീകരിച്ചിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷം എല്ലാ വ്യാപാരികളുടെയും രജിസ്ട്രേഷൻ പുതുക്കി നൽകിയത് ഓൺലൈൻ മുഖേന മാത്രമായിരുന്നു. വാറ്റ് രജിസ്ട്രേഷൻ ഉള്ള എല്ലാ വ്യാപാരികൾക്കും ഈ സൗകര്യം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## പന്ത്രണ്ടാം നിയമസഭ

പതിനഞ്ചാം സമ്മേളനം
നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 628 *
27.07.2010 ൽ മറുപടിയ്ക്ക്

## ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 628*

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>ശ്രീ.എ.എം.യൂസഫ്<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ബഹു. ധനകാര്യ വകുപ്പുമന്ത്രി<br>ഡോ.തോമസ് ഐസക് |
| **ചോദ്യം** | **ഉത്തരം** |
| എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിനും, വകുപ്പിന്റെ അക്കൗണ്ടിംഗ്, ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിലേക്ക് മാറ്റുന്നതിനും മറ്റും വകുപ്പിനെ സഹായിക്കാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇൻഡ്യ (ഐ.സി.എ.ഐ) എന്ന സ്ഥാപനത്തെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഐ.സി.എ.ഐ അവരുടെ ഇടക്കാല പഠന റിപ്പോർട്ട് സമർപ്പിച്ചതിനെ തുടർന്ന് വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾക്കും പുനസംഘടനയ്ക്കുമായി ഐ.സി.എ.ഐ യുടെ സഹകരണത്തോടെ വിവിധ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വകുപ്പിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കരണത്തിനാവശ്യമായ സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, എസ്.എൽ.ഐ. പദ്ധതി, എന്നിവയിൽ അംഗമായവരെ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ ഡാറ്റാ ബേസ് തയ്യാറാക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നുവരുന്നതായി ഇൻഷ്വറൻസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് വകുപ്പിനെ |

| | |
|---|---|
| | വാണിജ്യാടിസ്ഥാനത്തിൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായി 22.02.2010 ലെ സ.ഉ (സാധാ) നം.1478/2010/ധന പ്രകാരം ഇൻഷ്വറൻസ് ഡയറക്ടറേറ്റ്, കേരള ട്രാൻസ്പോർട്ട് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ തിരുവനന്തപുരത്തെ വഴുതക്കാട്ടുള്ള ട്രാൻസ് ടവേഴ്സ് എന്ന ആധുനിക സൗകര്യങ്ങളുള്ള കെട്ടിടത്തിലേയ്ക്ക് മാറ്റാൻ അനുമതി നൽകി. കമ്പ്യൂട്ടർവൽക്കരണ പ്രക്രിയ ത്വരിതപ്പെടുത്തു ന്നതിന് 24.02.2010 ലെ സ.ഉ (സാധാ) നം.1548/2010/ധന പ്രകാരം ഒരു ഉന്നതതല ടെക്നിക്കൽ കമ്മറ്റി രൂപീകരിച്ചു. |
| ബി) വകുപ്പിന്റെ പുനഃസംഘടനയ്ക്കായി ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ അഖിലേന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ്; | ഇൻഷ്വറൻസ് വകുപ്പിന്റെ പുനഃസംഘടനയ്ക്കായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇൻഡ്യ (ഐ.സി.എ.ഐ) സമർപ്പിച്ച ശുപാർശകൾ ചുവടെ ചേർക്കുന്നു<br>1. ഇൻഷ്വറൻസ് വകുപ്പിന്റെ പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണം<br>2. കമ്പ്യൂട്ടറൈസേഷനോടൊപ്പം നിലവിലുള്ള അക്കൗണ്ടിംഗ് സിസ്റ്റം ഡബിൾ എൻട്രി സിസ്റ്റത്തിലേക്ക് മാറ്റുക<br>3. ലൈഫ് ഇൻഷ്വറൻസ് വിഭാഗത്തിൽ പുതിയ ഉൽപ്പന്നങ്ങൾ ആരംഭിക്കുക<br>4. ലൈഫ് ഇൻഷ്വറൻസ് , പദ്ധതി പൊതുമേഖലാ, എയിഡഡ് സ്കൂൾ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും നിർബന്ധമാക്കുക<br>5. പൊതുമേഖലാ സ്ഥാപനങ്ങളിലെ ജനറൽ ഇൻഷ്വറൻസ് പദ്ധതി നിർബന്ധമായും ഇൻഷ്വറൻസ് വകുപ്പു വഴി തന്നെ നടപ്പിലാക്കുക<br>6. സർക്കാർ നിയന്ത്രണത്തിലുള്ള ബോർഡുകളുടേയും, വകുപ്പുകളുടേയും ക്ഷേമ പദ്ധതികൾ ഇൻഷ്വറൻസ് വകുപ്പു വഴി നടപ്പിലാക്കുക |

| | |
|---|---|
| | 7. ആക്ച്വറിയൽ വാല്യുവേഷൻ വാർഷികമായി നടപ്പിലാക്കുക<br>8. ഇൻഷ്വറൻസ് വകുപ്പിന് കൂടുതൽ സ്വയം ഭരണാധികാരം നൽകുക<br>9. ലൈഫ് ഇൻഷ്വറൻസ് പദ്ധതിയിൽ നിലവിലുള്ള പ്രീമിയം സ്ളാബുകൾ പുതുക്കി നിശ്ചയിക്കുക<br>10. ബിസിനസ് ഡെവലപ്മെന്റ് സെൽ രൂപീകരിക്കുക<br>11. ഇൻഷ്വറൻസ് വകുപ്പിന് കൂടുതൽ സാമ്പത്തിക അധികാരങ്ങൾ നൽകുക<br>12. നടപടിക്രമങ്ങൾ ലഘൂകരിക്കുക<br>13. നിലവിലുള്ള റീ-ഇൻഷ്വറൻസ്, കോ-ഇൻഷ്വറൻസ് ഉടമ്പടികൾ പരിശോധിച്ച് പരിഷ്ക്കരിക്കുക<br>14. ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുക |
| സി) ഏതെല്ലാം ശുപാർശകൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്; | 28.01.2010 ലെ സ.ഉ 687/10/ധന പ്രകാരം സർക്കാർ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്<br>1. ഐ.സി.എ.ഐ എന്ന സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.<br>2. വകുപ്പിൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റത്തിലേക്ക് മാറുന്നതിലേക്ക് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>3. വാണിജ്യാടിസ്ഥാനത്തിൽ വകുപ്പിനെ പുനഃസംഘടിപ്പിക്കുന്നതിലേക്കുള്ള നടപടികൾ എടുത്തു വരുന്നു. |
| ഡി) പൊതുമേഖലാ സ്ഥാപനങ്ങൾക്കും അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും ഇൻഷ്വറൻസ് പദ്ധതി നിർബന്ധമാ | പൊതുമേഖലാ സ്ഥാപനങ്ങളും, അർദ്ധ സർക്കാർ സ്ഥാപനങ്ങളും അവയുടെ ജനറൽ ഇൻഷ്വറൻസ് ബിസിനസ്സുകൾ ഇൻഷ്വറൻസ് വകുപ്പ് വഴി |

| | |
|---|---|
| ക്കിയിട്ടുണ്ടോ; | നടപ്പിലാക്കുന്നതിന് നിലവിൽ ഒരു സർക്കുലർ നിർദ്ദേശം സർക്കാർ (നം.35/2003/ധന തീയതി 26.04.2003) പുറപ്പെടുവിച്ചിട്ടുണ്ട്. 12.01.2004 ലെ ജി.ഒ (പി) 25/2004/ധന, ജി.ഒ (പി) 26/2004/ധന എന്നീ ഉത്തരവുകളിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളിലേയും അർദ്ധ സർക്കാർ സ്ഥാപനങ്ങളിലേയും ജീവനക്കാർക്ക് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയിട്ടുള്ള ലൈഫ് ഇൻഷ്വറൻസ് പദ്ധതിയും, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയും ബാധകമാക്കി ഉത്തരവായിട്ടുണ്ട്. |
| ഇ) ഇതിനകം ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്; | ജനറൽ ഇൻഷ്വറൻസ് പദ്ധതി ഭാഗികമായി നടപ്പിലാക്കിയ സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.<br>1. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ<br>2. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്<br>3. വാട്ടർ അതോറിറ്റി<br>4. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്<br>5. ഖാദി ഗ്രാമ വ്യവസായ ബോർഡ്<br>6. പ്ളാന്റേഷൻ കോർപ്പറേഷൻ<br>7. സ്പിന്നിംഗ് മിൽ, ബാലരാമപുരം<br>8. സിഡ്കോ കേരള<br>9. മിറ്റ്സ് പ്രോഡക്റ്റ്സ് ഓഫ് ഇൻഡ്യാ ലിമിറ്റഡ്<br>10. കെൽട്രോൺ<br>11. റബ്ബർ വർക്സ്, തിരുവനന്തപുരം<br>12. റ്റി.സി.സി ലിമിറ്റഡ്<br>ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതികളിൽ ഭാഗികമായി താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ അംഗമായിട്ടുണ്ട്.<br>1. മുനിസിപ്പാലിറ്റികൾ / കോർപ്പറേഷനുകൾ<br>2. കോഴിക്കോട് യൂണിവേഴ്സിറ്റി / കൊച്ചിൻ യൂണിവേഴ്സിറ്റി / കേരള കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റി<br>3. കേരള ഫീഡ്സ്, ഔഷധി, കേരള ഖാദി ആന്റ് |

| | |
|---|---|
| | വില്ലേജ് ഇൻഡസ്ട്രീസ്, എസ്.സി എസ്.റ്റി ഡെവലപ്മെന്റ് കോർപ്പറേഷൻ, ബാംബൂ കോർപ്പറേഷൻ<br>4. തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, സിവിൽ സപ്ളൈസ് കോർപ്പറേഷൻ, കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് |
| എഫ്) സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ഇൻഷ്വറൻസ് വകുപ്പ് ഏറ്റെടുക്കുമോ; | സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ഇൻഷ്വറൻസ് വകുപ്പ് ഏറ്റെടുക്കുന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല. |
| ജി) പുതുതായി എന്തെല്ലാം പദ്ധതികളാണ് ഇൻഷ്വറൻസ് വകുപ്പിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്? | പുതുതായി ലൈഫ് ഇൻഷ്വറൻസ് വിഭാഗത്തിൽ "ധനവർഷ", "ധന സമൃദ്ധി" എന്നീ രണ്ട് നൂതന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 629 | 27.07.2010 -ൽ മറുപടിയ്ക്ക്

### ഇ എഫ് എൽ നിയമം നടപ്പാക്കിയതുമൂലം ചെറുകിട കർഷകർക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ

| *ചോദ്യം* | *ഉത്തരം* |
|---|---|
| **ശ്രീ.എ.സി.മൊയ്തീൻ**<br>**ശ്രീ.സാജുപോൾ**<br>**ശ്രീ.വി.എൻ.വാസവൻ** | ശ്രീ. ബിനോയ് വിശ്വം (വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കേരള വനം നിയമപ്രകാരം എത്ര ഹെക്ടർ ഭൂപ്രദേശം ഏറ്റെടുത്തിട്ടുണ്ട് ; | (എ) 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) നിയമപ്രകാരം നാളിതുവരെയായി 13677.7527 ഹെക്ടർ ഭൂപ്രദേശം സർക്കാരിൽ നിക്ഷിപ്തമാക്കിയതായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| (ബി) ഇ.എഫ്.എൽ നിയമം നടപ്പാക്കിയതുമൂലം ചെറുകിട കർഷകർക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കുമോ ; | (ബി) 02.06.2000-ൽ 2 ഹെക്ടറിൽ കൂടുതലല്ലാത്ത ഭൂമി പരിസ്ഥിതി ദുർബ്ബലപ്രദേശമായി വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിൽ അതുസംബന്ധിച്ച പരാതി എത്രയും വേഗത്തിൽ സുതാര്യമായ രീതിയിൽ പരിശോധിച്ച് തീരുമാനംഎടുക്കുന്നതിന് ഒരു പ്രത്യേക കമ്മിറ്റിയെ നിയോഗിക്കുന്നതുൾപ്പെടെയുള്ള നിയമഭേദഗതി 20.08.2009-തീയതിയിൽ പ്രാബല്യത്തിൽ കൊണ്ടു വന്നു. അതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ സ്വീകരിച്ച് നിയമാനുസൃതമായ അനന്തര നടപടികൾ കൈകൊണ്ടു വരികയാണ്. ഇ.എഫ്.എൽ നിയമത്തിൽ ഭേദഗതിവരുത്തിയതിന്റെ ഭാഗമായി കമ്മിറ്റികൾ എല്ലാ വനം ഡിവിഷനുകളിലും രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

കണ്ണൂർ, പാലക്കാട്, നിലമ്പൂർ (നോർത്ത്), നിലമ്പൂർ (സൗത്ത്), നെന്മാറ, മണ്ണാർക്കാട് എന്നീ വനം ഡിവിഷനുകളിൽ കമ്മിറ്റി രൂപീകരിച്ച് 07.07.2010 തീയതിയായി ഗസറ്റിൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സി) പുതിയ നിയമഭേദഗതിമൂലം ഇ എഫ് എൽ പരിധിയിൽ നോട്ടിഫൈ ചെയ്ത എത്ര ഏക്കർ സ്ഥലം ഒഴിവാക്കി എന്ന് വെളിപ്പെടുത്തുമോ; ഇതിന്റെ ഫലം എത്ര പേർക്ക് ലഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

സി) ഭേദഗതി നിയമത്തിന്റെ വകുപ്പ് 10 എ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ, വകുപ്പ് 10 ബി പ്രകാരമുള്ള കമ്മിറ്റി സ്ഥലപരിശോധന നടത്തി സർക്കാരിലേയ്ക്ക് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം എടുക്കേണ്ടത്. ഇതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗതിയിലാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 630** **27.07.2010-ൽ മറുപടിക്ക്**

## പണി പൂർത്തിയാകാതെ കിടക്കുന്ന പാലങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. കുഞ്ഞിരാമൻ :<br>ശ്രീ. അൽഫോൺസ് കണ്ണന്താനം :<br>ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ : | ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യ - മരാമത്ത് വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | നിരവധി വർഷങ്ങളായി പണി പൂർത്തിയാകാതെ കിടക്കുന്ന പാലങ്ങളുടെ പണി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ; | (എ) | പണി പൂർത്തിയാകാതെ കിടന്ന പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അർഹതയുള്ള കരാറുകാർക്ക് സിമന്റിന്റെയും കമ്പിയുടെയും വില പുതുക്കി നൽകി പണി പൂർത്തിയാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കരാറുകാരുടെ അനാസ്ഥകൊണ്ടല്ലാതെ കാലവിളംബം നേരിട്ട പ്രവൃത്തികളിൽ കരാറുകാരെ റിസ്ക് ആന്റ് കോസ്റ്റ് ഒഴിവാക്കി കരാറുകൾ റദ്ദു ചെയ്തു പ്രവൃത്തി പുന:ക്രമീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കരാറുകാരുടെ അനാസ്ഥ മൂലം കാലതാമസം നേരിട്ട എല്ലാ പ്രവർത്തികളുടെയും കരാർ, കരാറുകാരുടെ സ്വന്തം നഷ്ടത്തിലും ഉത്തരവാദിത്വത്തിലും റദ്ദ് ചെയ്ത് പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. |
| (ബി) | നിലവിലുള്ള കരാർ അവസാനിപ്പിച്ച് ഇവയെല്ലാം റീടെൻഡർ ചെയ്തിട്ടുണ്ടോ ; | (ബി) | റീടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | എങ്കിൽ ഏതെല്ലാം പാലങ്ങളുടെ പണിയാണ് റീടെൻഡർ ചെയ്തത്; ഇവയുടെ ഓരോന്നിന്റയും എസ്റ്റിമേറ്റ് എത്ര രൂപയാണ്; | (സി) | മിക്കവാറും എല്ലാ പ്രവൃത്തികളും പുന:ക്രമീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര വൻകിട പാലങ്ങളുടെ പണി ഏറ്റെടുത്തിട്ടുണ്ട് ; | (ഡി) | 189 എണ്ണം |
| (ഇ) | പാലങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ? | (ഇ) | ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## പുനഃക്രമീകരിച്ച പ്രവർത്തികളുടെ വിശദാംശം

| പാലം | എസ്റ്റിമേറ്റ് | നിലവിലുള്ള സ്ഥിതി |
|---|---|---|
| **കാസർഗോഡ്** | | |
| 1. കള്ളാർ പാലം | 98 ലക്ഷം | പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്. |
| 2. വെള്ളാപ്പ് പാലം | 1285 ലക്ഷം | പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി തുടരുന്നു. |
| **കണ്ണൂർ** | | |
| 1. മാട്ടൂൽ-മടക്കര പാലം | 32 കോടി | പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡി.പി.ആർ. നബാർഡിന്റെ അംഗീകാരത്തിനായും സമർപ്പിച്ചിട്ടുണ്ട്. |
| 2. വാരംകടവ് പാലം | 264.50 ലക്ഷം | പുനഃക്രമീകരിച്ച് നടപ്പിലാക്കി വരുന്നു. പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 3. ഓടക്കടവ് പാലം | 200 ലക്ഷം | |
| 4. പുല്ലുപ്പിക്കടവ് പാലം | 1095 ലക്ഷം | ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്. |
| **കോഴിക്കോട്** | | |
| 1. ആവിപ്പാലം | | അപ്രോച്ച് റോഡിനു ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച് കേസ് കൊയിലാണ്ടി സബ്കോർട്ടിൽ നിലവിലുണ്ട്. ഭൂമി ഏറ്റെടുത്താൽ മാത്രമേ പ്രവൃത്തി തുടരാൻ കഴിയുകയുള്ളു. |
| 2. തിരുത്തിരുക്ക് പാലം | | റീഹാബിലിറ്റേഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |
| 3. ചക്കിക്കാവ് പാലം | 106.42 ലക്ഷം | ബാലൻസ് പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 4. അരയിടത്ത് പാലം (2 പാലം) | | പാലം പണി പൂർത്തിയായി അപ്രോച്ച് റോഡിനുള്ള ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തി അവസാനഘട്ടത്തിലാണ്. |
| 5. കോതിപ്പാലം | | പാലം പണി പൂർത്തിയായി അപ്രോച്ച് റോഡിനു വേണ്ടി ലാന്റ് അക്വിസിഷൻ അവസാന ഘട്ടത്തിലാണ്. |
| 6. മാളിക്കടവ് പാലം | 185 ലക്ഷം | പുനക്രമീകരിച്ച പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 7. പാറക്കടവ് പാലം | 308 ലക്ഷം | |
| **മലപ്പുറം** | | |
| 1. ചെങ്ങോട്ട് പാലം<br>2. കാര്യാട്ടുകടവ് പാലം<br>3. മൂലേപ്പാടം പാലം | 366 ലക്ഷം | പ്രവൃത്തികൾ പുനക്രമീകരിക്കുന്ന നടപടികൾ നടന്നുവരുന്നു. |
| 4. എടവഴിക്കടവ് പാലം | | പ്രവൃത്തി ടെണ്ടർ ചെയ്തു കഴിഞ്ഞു. |

| | | |
|---|---|---|
| **പാലക്കാട്** | | |
| 1. ഭാരതപ്പുഴയുടെ കുറുകെയുള്ള മായന്നൂർ പാലം. | | നിലവിലുള്ള കരാറുകാരൻ തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |
| **തൃശ്ശൂർ, എറണാകുളം, ഇടുക്കി** | | |
| 1. ഇടമുളപ്പാലം | 650 ലക്ഷം | പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |
| 2. നെച്ചൂർക്കടവ് പാലം | 360 ലക്ഷം | |
| 3. തട്ടപിള്ളിക്കാട്ടു പുഴയ്ക്കു കുറുകെ യുള്ള പാലം | 250 ലക്ഷം | |
| 4. വൈപ്പിൻ-പള്ളിപ്പുറം റോഡിലെ ബലക്ഷയമുള്ള 8 പാലങ്ങളുടെ പുനർ നിർമ്മാണം (2 പാക്കേജുകൾ) | 2794.52 ലക്ഷം | |
| **ആലപ്പുഴ** | | |
| കീച്ചേരി-വാൽക്കടവ് പാലം | | പുനർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| എഴുപുന്ന-കുമ്പളങ്ങി പാലം | 216 ലക്ഷം | |
| **കൊല്ലം** | | |
| 1. താന്നിപ്പാലം | 743,29,608 | പ്രവൃത്തികൾ ടെണ്ടർ ചെയ്തു കഴിഞ്ഞു. |
| 2. മുട്ടയ്ക്കാവ് പാലം | 396,59,878 | |
| **പത്തനംതിട്ട** | | |
| 1. പടുതോടു പാലം | 345 ലക്ഷം | നിലവിലുള്ള കരാർ റിസ്ക് ആന്റ് കോസ്റ്റ് ഒഴിവാക്കി റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2. പേരൂർച്ചാൽ പാലം | 375 ലക്ഷം | ടെണ്ടർ നടപടികൾ നടന്നു വരുന്നു. |
| **തിരുവനന്തപുരം** | | |
| 1. ഒന്നാം പാലം | 240 ലക്ഷം | പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടന്നു വരുന്നു. |
| 2. മരുതൻകുഴിപ്പാലം | 700 ലക്ഷം | പ്രവൃത്തി ആരംഭിച്ചു കഴിഞ്ഞു. |

[signature]

**സെക്ഷൻ ഓഫീസർ**